# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## വിജയപുരം ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2021-2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോട്ടയം-686001

ഇ-മെയിൽ: doktm.ksad@kerala.gov.in

ഫോൺ : 0481-2564886

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട് സഹിതം)

നമ്പർ: കെ.എസ്.എ.ഡി.കെ.ടി.എം പി-12/2430/2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോട്ടയം-686001
തീയ്യതി: 04/01/2023
ഇ-മെയിൽ: doktm.ksad@kerala.gov.in
ഫോൺ: 0481-2564886

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
വിജയപുരം ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : വിജയപുരം ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം വിജയപുരം ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോട്ടയം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.ഡി.കെ.ടി.എം പി-12/2430/2022 തീയ്യതി: 04/01/2023

## കോട്ടയം ജില്ലയിലെ വിജയപുരം ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോട്ടയം ജില്ലയിലെ വിജയപുരം ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-01-2022 മുതൽ 31-03-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 01-01-2022 മുതൽ 31-03-2022 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നും നടത്തിയിട്ടുള്ള പണം പിൻവലിക്കൽ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 35 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 14 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 30-11-2022 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി ബീനാകുമാരി സി ആർ | ഡെപ്യൂട്ടി ഡയറക്ടർ | 23-11-2022 | 30-11-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 23-11-2022 | 30-11-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ.പ്രസാദ് പി.ജി, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ)
ശ്രീമതി സുലത ഡി,ഓഡിറ്റ് ഓഫീസർ(ഹ.ഗ്രേ)
ശ്രീമതി അമ്പിളി എം, അസി.ഓഡിറ്റ് ഓഫീസർ

ശ്രീമതി ജ്യോതിലക്ഷ്മി ആർ. സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ.ജോഷി തോമസ്, ഓഡിറ്റർ
ശ്രീമതി ബീനാകുമാരി റ്റി.വി, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ വി. റ്റി. സോമൻകുട്ടി | പ്രസിഡന്റ് | 01-04-2021 | 31-03-2022 |
| ശ്രീ ശ്രീകാന്ത് റ്റി. ആർ. | സെക്രട്ടറി | 01-04-2021 | 31-03-2022 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| രമ്യ എൻ. സി. | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2021 | 31-03-2022 |
| അനുമോൾ ജെ. | കൃഷി ഓഫീസർ | 01-04-2021 | 31-03-2022 |
| രതീഷ് പി. ആർ. | വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ | 01-04-2021 | 31-03-2022 |
| അഞ്ജലി അരവിന്ദ് | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 01-04-2021 | 05-12-2021 |
| രമ്യാ നാരായണൻ | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 06-12-2021 | 31-03-2022 |
| ഡോ. അച്ചു തോമസ് | മെഡിക്കൽ ഓഫീസർ(പി.എച്ച്.സി.) | 01-04-2021 | 31-03-2022 |
| ഡോ. ഉമാദേവി | മെഡിക്കൽ ഓഫീസർ(ഹോമിയോ) | 01-04-2021 | 31-03-2022 |
| ഡോ. ജയരാജ് എൻ. | മെഡിക്കൽ ഓഫീസർ(ആയുർവേദം) | 01-04-2021 | 31-03-2022 |
| ജയലക്ഷ്മി എൻ. | ഡയറിഫാം ഇൻസ്ട്രക്ടർ | 01-04-2021 | 17-04-2021 |
| ശില്പ | ഡയറിഫാം ഇൻസ്ട്രക്ടർ | 18-04-2021 | 31-03-2022 |
| ബിന്ദു പി നായർ | ഹെഡ്മിസ്ട്രസ് , ഗവ.യുപിഎസ് നട്ടാശ്ശേരി | 01-04-2021 | 31-03-2022 |
| പ്രീതി സി. | സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | 01-04-2021 | 31-03-2022 |
| ഷാലിനി വർഗീസ് | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2021 | 05-07-2021 |
| വിനു മാത്യൂസ് | അസിസ്റ്റന്റ് സെക്രട്ടറി | 14-07-2021 | 31-03-2022 |
| ഡോ.സോജ | വെറ്ററിനറി സർജൻ | 01-04-2021 | 31-03-2022 |

06.07.2021 മുതൽ 13.07.2021 വരെ അസിസ്റ്റന്റ് സെക്രട്ടറി പോസ്റ്റ് വേക്കന്റായിരുന്നു

ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷികകണക്കുകളുടെ പരിശോധന | 1-2 |
| 3 | സാമ്പത്തിക വിശകലനം | 1-3 |
| 4 | ഫണ്ട് വിനിയോഗം | 1-4 |
| 5 | വാർഷികപദ്ധതി അവലോകനം. | 1-5 |
| 6 | മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി | 1-6 |
| 7 | ക്ഷേമ പദ്ധതികൾ | 1-7 |
| 8 | ക്യാഷ് പരിശോധന | 1-8 |
| 9 | ആഭ്യന്തരനിയന്ത്രണം | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 11 | അക്കൗണ്ടുകളുടെ മാസാന്ത്യ റിക്കൺസിലിയേഷൻ നടത്തിയിട്ടില്ല. | 1-11 |
| 12 | ബാധ്യതാ തുകകൾ ബന്ധപ്പെട്ട ശീർഷകങ്ങളിലേയ്ക്ക് അടവാക്കിയില്ല. | 1-12 |
| 13 | വസ്തുനികുതി - കുടിശിക നിൽക്കുന്നു. | 1-13 |
| 14 | വസ്തുനികുതി-വഴിയുടെ തരത്തിന്റെ അടിസ്ഥാനത്തിൽ നികുതി നിർണയിച്ചതിലെ അപാകതകൾ | 1-14 |
| 15 | തൊഴിൽ നികുതി-ചുമത്തിയതിലും ഈടാക്കിയതിലും അപാകതകൾ | 1-15 |
| 16 | ലൈസൻസില്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു | 1-16 |
| 17 | ലൈസൻസ് ഫീസ് കുറവായി ഈടാക്കിയത്. | 1-17 |
| 18 | പാർപ്പിടാവശ്യത്തിനുള്ള കെട്ടിടങ്ങളിൽ വാണിജ്യാവശ്യത്തിനുള്ള ലൈസൻസിനായി അപേക്ഷ. | 1-18 |
| 19 | ഒപ്റ്റിക്കൽ ഫൈബർ വിന്യസിക്കുന്നതിന് ജിഐ പോളുകൾ സ്ഥാപിച്ചത് - ഡെപ്പോസിറ്റ് ഈടാക്കിയില്ല. | 1-19 |
| 20 | ഹോമിയോ ആശുപത്രിക്ക് മരുന്ന് - മരുന്നുകൾ പൂർണ്ണമായും ലഭ്യമായിട്ടില്ല. | 1-20 |
| 21 | സ്മാർട്ട് ക്ലാസ് റൂം പ്രൊജക്റ്റ്-മാർഗരേഖ പാലിച്ചില്ല | 1-21 |
| 22 | കെൽട്രോണിൽ നിന്നും കമ്പ്യൂട്ടർ നാളിതുവരെ ലഭ്യമായില്ല. | 1-22 |
| 23 | നെൽവിത്ത് വാങ്ങൽ - നടപടിക്രമങ്ങൾ പാലിച്ചില്ല. | 1-23 |
| 24 | എസ്.സി കോളനിയിലെ കുടിവെള്ളപദ്ധതിയുടെ വൈദ്യുതി ചാർജ്ജ് -സർചാർജ്ജ് ഒടുക്കിയത്. | 1-24 |
| 25 | ആർദ്രം പദ്ധതി -ജോലിക്ക് ഹാജരാകാത്ത മാസത്തെ വേതനം നൽകി. | 1-25 |
| 26 | കുടുംബശ്രീ റിവോൾവിംഗ് ഫണ്ട് - തിരിച്ചടയ്ക്കാൻ അവശേഷിക്കുന്നു. | 1-26 |
| 27 | പാറമ്പുഴ എഫ്.എച്ച് സി-യിലെ സോളാർപാനൽ നാളിതുവരെ | 1-27 |

| | | |
|---|---|---|
| | പ്രവർത്തനക്ഷമമായിട്ടില്ല | |
| 28 | തെരുവുവിളക്ക് ലൈൻ ദീർഘിപ്പിക്കലും പോസ്റ്റ് ഷിഫ്റ്റിംഗും - പൂർത്തീകരണവിവരങ്ങൾ ലഭ്യമായിട്ടില്ല. | 1-28 |
| 29 | കെ എസ് ഇ ബി യിൽ ഡെപ്പോസിറ്റ് - പ്രവൃത്തികളുടെ പൂർത്തീകരണ വിവരം ലഭ്യമായില്ല. | 1-29 |
| 30 | പാർട്ട് ബിൽ കൈപ്പറ്റിയതിനുശേഷം പ്രവൃത്തി പൂർത്തീകരിച്ചില്ല. | 1-30 |
| 31 | കുന്നംപള്ളി-വെമ്പിൻകുളങ്ങര റോഡ് പുനരുദ്ധാരണം -പ്രോജക്ട് ലക്ഷ്യം കൈവരിച്ചിട്ടില്ല | 1-31 |
| 32 | പി.എച്ച്.സി സബ് സെന്റർ അടിസ്ഥാന സൗകര്യം വർദ്ധിപ്പിക്കൽ -നടപടിക്രമങ്ങൾ പാലിച്ചില്ല. | 1-32 |
| 33 | വെള്ളക്കരം - ഡിമാന്റ് നോട്ടീസ് പ്രകാരം കുടിശ്ശിക നിലനിൽക്കുന്നു | 1-33 |
| 34 | വിവിധ കുടിവെള്ള പദ്ധതികൾ- പൂർത്തീകരണവിവരവും നിക്ഷേപത്തുകയുടെ വിനിയോഗവിവരവും ലഭ്യമായിട്ടില്ല | 1-34 |
| 35 | പൈപ്പ് ലൈൻ നീട്ടൽ- പ്രവൃത്തി പൂർത്തീകരിച്ച് വിനിയോഗവിശദാംശങ്ങൾ ലഭ്യമായിട്ടില്ല. | 1-35 |
| 36 | ബാരൽവിലയിന്മേലുള്ള ജി.എസ്.റ്റി അടവാക്കിയിട്ടില്ല | 1-36 |
| 37 | ലൈഫ് ഭവനനിർമ്മാണം,എസ്.സി.പി-പൂർത്തീകരിച്ചില്ല. | 1-37 |
| 38 | മുൻകൂർ ക്രമീകരിച്ചതിന്റെ വിവരം ലഭ്യമാക്കിയില്ല. | 1-38 |
| 39 | കോവിഡ് പ്രതിരോധപ്രവർത്തനങ്ങൾ | 1-39 |
| | ഭാഗം **2** | |
| | --- No Records Found --- | |
| | ഭാഗം **3** | |
| | --- No Records Found --- | |
| | ഭാഗം **4** | |
| 1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയ വിവരം | 4-1 |
| 2 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് | 4-4 |
| 5 | വായ്പ/വായ്പ തിരിച്ചടവ് | 4-5 |
| 6 | സ്ഥിരനിക്ഷേപങ്ങൾ | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-8 |
| 9 | ചാർജ്/സർചാർജ് നടപടികളിലൂടെ തുക ഈടാക്കിയതിന്റെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |

| | | |
|---|---|---|
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ബജറ്റ്

2021-22 വർഷത്തെ ബജറ്റ് 22.02.2021 തീയതിയിലെ I/1-ാം നം. തീരുമാനപ്രകാരം അംഗീകരിച്ചു. 15.02.2022 തീയതിയിലെ 6/1-ാം നം. തീരുമാനപ്രകാരം ബജറ്റ് പുതുക്കി അംഗീകരിച്ചിട്ടുണ്ട്. പുതുക്കിയ ബജറ്റ് പ്രകാരമുള്ള വരവ് ചെലവ്, യഥാർത്ഥ വരവ് ചെലവ് എന്നിവയുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ഇനം | ബജറ്റ് പ്രതീക്ഷ | യഥാർത്ഥം |
|---|---|---|
| മുന്നിരിപ്പ് | 56761592 | 44222377 |
| വരവ് | 211734109 | 126693644 |
| ആകെ | 268495701 | 170916021 |
| ചെലവ് | 222702000 | 126123644 |
| നീക്കിയിരിപ്പ് | 45793701 | 44792377 |

ബജറ്റ് പ്രകാരം 21.17 കോടിയുടെ പ്രതീക്ഷിതവരവും 22.27 കോടിയുടെ പ്രതീക്ഷിത ചെലവുമാണ് കണക്കാക്കിയത്. പഞ്ചായത്തിന്റെ 2021-22 ഇൻകം & എക്സ്പെൻഡിച്ചർ പ്രകാരം വരുമാനം 18.08 കോടിയും ചെലവ് 18.32 കോടിയുമാണ്. മുൻവർഷങ്ങളിലെ യഥാർത്ഥ കണക്കുകളെ ആധാരമാക്കാതെ ബജറ്റ് തയ്യാറാക്കിയതുമൂലമാണ് യഥാർത്ഥ കണക്കുകളും ബജറ്റ് പ്രതീക്ഷിത കണക്കുകളും തമ്മിൽ വലിയ അന്തരമുണ്ടായത്. 1994ലെ കേരള പഞ്ചായത്ത് രാജ് നിയമം സെക്ഷൻ 224ൽ വ്യവസ്ഥ ചെയ്തിരിക്കുന്ന പ്രകാരം ആവശ്യമായ മുന്നൊരുക്കം നടത്തി ബജറ്റ് തയ്യാറാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-2 വാർഷികകണക്കുകളുടെ പരിശോധന

വിജയപുരം ഗ്രാമപഞ്ചായത്തിന്റെ 2021-22 വർഷത്തെ ഇൻകം & എക്സ്പെൻഡിച്ചർ പത്രിക പ്രകാരം വരുമാനം 180809803 രൂപയും ചെലവ് 183243262 രൂപയും തൻവർഷ പ്രവർത്തന നഷ്ടം 5342925 (പ്രയർ പീരീഡ് ഐറ്റം ഉൾപ്പെടെ) രൂപയുമാണ്. 31/03/2022-ലെ പഞ്ചായത്തിന്റ ആസ്തിമൂല്യം 105878694 രൂപയും ബാധ്യതകളുടെ മൂല്യം 31253058 രൂപയും ആകെ ജനറൽ ഫണ്ട് 74625636 രൂപയുമാണ്. മേൽവിവരിച്ച പ്രകാരമുള്ള ധനകാര്യ പത്രിക പഞ്ചായത്തിലെ അടിസ്ഥാന രേഖകളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിൽ പരിശോധിച്ചതിൽ നിന്നും താഴെ പറയുന്ന അക്കൗണ്ടിങ്ങ് അപാകതകൾ ഉള്ളതായി കാണുന്നു.

1. എസ്.ബി.ഐ. (36928702171) Own Fund അക്കൗണ്ടിന്റെ Closing Balance വാർഷിക കണക്കുകൾ പ്രകാരം 2,99,07,648/- രൂപയാണ്. എന്നാൽ റിക്കൺസിലിയേഷൻ പത്രിക പ്രകാരം 2,98,86,944/- രൂപയാണ്. Closing Balance വ്യത്യാസം വിശദീകരിക്കപ്പെട്ടില്ല.
2. 31/03/2021 തീയതിയിലെ പഞ്ചായത്തിന്റെ ജനറൽ ഫണ്ട്, ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ ശീർഷകങ്ങളിലെ മുന്നിരിപ്പ് കൃത്യത പരിശോധിക്കുന്നതിന് അടിസ്ഥാന രേഖകളും വിശദീകരണവും ലഭ്യമല്ല.
3. വാർഷിക കണക്ക് പ്രകാരം എസ് ബി ഐ (തനത് ഫണ്ട്) (A/c No – 36928702171) 2021-22 മുന്നിരിപ്പ് 3,39,49,611/- രൂപയാണ്. ആയത് മുൻവർഷ നീക്കിയിരിപ്പ് തുകയായ 3,39,51,591/- രൂപയുമായി പൊരുത്തപ്പെടുന്നില്ല.
4. ഗുണഭോക്തൃ വിഹിതം ഫണ്ടിന്റെ വിനിമയം വ്യക്തമാക്കുന്ന എ.സി.ആർ. സൂക്ഷിച്ചിട്ടില്ല. ആയതിനാൽ ഗുണഭോക്തൃ വിഹിതം മുന്നിരിപ്പ്, 2021-22 ലെ വരവ്, നീക്കിയിരിപ്പ് എന്നിവയുടെ കൃത്യതയും വിശദാംശവും ലഭ്യമല്ല.

5. അക്രുവൽ വരവിനങ്ങൾക്ക് മുൻകൂർ ലഭിച്ച തുക 31/03/2022 ബാലൻസ് ഷീറ്റ് (ബി-9) പ്രകാരമുള്ളതിന്റെ കൃത്യത ഡിമാന്റ് രജിസ്റ്ററിലൂടെ വ്യക്തമാക്കിയിട്ടില്ല.
6. 26/07/2011-ലെ ജി.ഒ (എം.എസ്) 152/2011-ലെ നിർദ്ദേശങ്ങൾക്കനുസൃതമായി പഞ്ചായത്ത് ആസ്തികളുടെ മൂല്യനിർണ്ണയം നടത്തി ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല. കൃത്യമായ രേഖകളുടെ അഭാവത്തിലും ആസ്തി അക്കൗണ്ടിങ്ങ് പൂർത്തിയാക്കാത്തതിനാലും ആസ്തികളുടെ സഞ്ചിത മൂല്യശോഷണം തുകയുടെ കൃത്യത വ്യക്തമല്ല.
7. വസ്തുനികുതി ഡിമാന്റ്-കളക്ഷൻ-ബാലൻസ് സഞ്ചയ പ്രകാരമുള്ളത് വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല. ലൈസൻസ്, തൊഴിൽ നികുതി എന്നിവയുടെ രജിസ്റ്റർ പ്രകാരമുള്ള കണക്കുകൾ വാർഷികകണക്കുകളുമായി പൊരുത്തപ്പെടുന്നില്ല.
8. Capital Work In Progress ൽ ഉൾപ്പെടുത്തിയിരിക്കുന്ന തുകയുടെ കൃത്യത വിശദീകരിക്കപ്പെട്ടിട്ടില്ല.
9. നിക്ഷേപ പ്രവൃത്തികൾക്ക് കേരള വാട്ടർ അതോറിറ്റിയിൽ തൻവർഷം നിക്ഷേപിച്ച 1341000 രൂപയിൽ 70000 രൂപ നിക്ഷേപ ശീർഷകത്തിൽ(460500201) അക്കൗണ്ട് ചെയ്തിട്ടില്ല.
10. നിക്ഷേപ പ്രവൃത്തികൾക്ക് കെ.എസ്.ഇ.ബി.-യിൽ പ്രോജക്ട് നം.10/22, 235/22 പ്രകാരം നിക്ഷേപിച്ച 1230141 രൂപ നിക്ഷേപ ശീർഷകത്തിൽ(460500202) അക്കൗണ്ട് ചെയ്തിട്ടില്ല.
11. NREGA മുൻകൂർ നൽകൽ 460500801 എന്ന ശീർഷകത്തിലും 460500399 എന്ന ശീർഷകത്തിലും അക്കൗണ്ട് ചെയ്തിരിക്കുന്നു. 460500801 എന്ന ശീർഷകത്തിൽ മാത്രമായി അക്കൗണ്ട് ചെയ്യേണ്ടതായിരുന്നു. കൂടാതെ മുൻകൂർ തിരികെ ലഭിച്ചത് അക്കൗണ്ട് ചെയ്യപ്പെട്ടിട്ടില്ല.
12. B-4 ഷെഡ്യൂളിൽ 320100192 ഹെഡിൽ ഉൾപ്പെടുത്തിയിരിക്കുന്ന ഫ്ലഡ് റിലീഫ് ഗ്രാന്റ് ചെലഴിച്ചിട്ടുള്ളത് ബാധ്യതാ ശീർഷകത്തിൽ നിന്നും ഒഴിവാക്കിയിട്ടില്ല.

പഞ്ചായത്തിന്റെ വാർഷിക കണക്കുകളിൽ നിലനിൽക്കുന്ന മേൽവിവരിച്ച അപാകതകൾ പരിഹരിച്ച് ഓരോ കണക്കുകളും വിശദീകരിക്കുന്ന അടിസ്ഥാന രേഖകൾ, രജിസ്റ്ററുകൾ തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തി മറുപടിയിൽ ലഭ്യമാക്കേണ്ടതാണ്.

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 44222377 |
| ഓഡിറ്റ് വർഷത്തെ വരവ് | 126693644 |
| ആകെ | 170916021 |
| ഓഡിറ്റ് വർഷത്തെ ചെലവ് | 126123644 |
| നീക്കിയിരിപ്പ് | 44792377 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 40,66,674 |

## 1-4 ഫണ്ട് വിനിയോഗം

വിജയപുരം ഗ്രാമപഞ്ചായത്തിന്റെ 2021-22 വർഷത്തെ വികസന ഫണ്ട്, മെയിന്റനൻസ് ഫണ്ട്, ധനകാര്യ കമ്മീഷൻ ഗ്രാന്റ് എന്നിവയുടെ വിനിയോഗ വിവരം ചുവടെ ചേർക്കുന്നു. പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകളുടെ വിനിമയം എ.സി.ആർ. പ്രകാരമുള്ളതും പട്ടികയിൽ ഉൾപ്പെടുത്തുന്നു.

| ഗ്രാന്റ്-ഇനം | മുന്നിരിപ്പ് | അലോട്ട്മെന്റ്/ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ ലാപ്സായ തുക | ചെലവ് % |
|---|---|---|---|---|---|---|
| വികസന | 0 | 16775893 | 16775893 | 15904000 | 871893 | 95 |

| | | | | | | |
|---|---|---|---|---|---|---|
| ഫണ്ട്-ജനറൽ | | | | | | |
| വികസന ഫണ്ട്-TSP | 0 | 24500 | 24500 | 0 | 24500 | -- |
| വികസന ഫണ്ട്-SCP | 0 | 6049300 | 6049300 | 5423024 | 626276 | 90 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ്-Untied | 0 | 3930210 | 3930210 | 3682934 | 247276 | 93.70 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ്-Tied | 0 | 8544400 | 8544400 | 5002955 | 3541445 | 58.55 |
| മെയിന്റനൻസ് ഗ്രാന്റ്-Road | 0 | 12673897 | 12673897 | 9017410 | 3656487 | 71 |
| മെയിന്റനൻസ് ഗ്രാന്റ്-Non Road | 0 | 6380509 | 6380509 | 3536640 | 2843869 | 55 |
| ശുചിത്വ മിഷൻ | 2575012 | 244743 | 2819755 | 1425900 | 1393855 | - |
| ICDS ഫണ്ട് | 1785617 | 770139 | 2555756 | 596331 | 1959425 | - |

വികസന ഫണ്ട് (ജനറൽ) അലോട്ട്മെന്റ് പ്രകാരമുള്ള യഥാർത്ഥ ഗ്രാന്റും ACR/ഗ്രാന്റ് പത്രിക പ്രകാരമുള്ള അലോട്ട്മെന്റും തമ്മിലുള്ള വ്യത്യാസം അങ്കണവാടി ഹോണറേറിയം ഇനത്തിൽ സ്രോതസ്സിൽ കുറവ് ചെയ്ത 15,33,000/- രൂപയാണ്. വികസന ഫണ്ട്, മെയിന്റനൻസ് ഗ്രാന്റ് അധിക അലോട്ട്മെന്റ് ലഭിച്ചില്ല. കൂടാതെ മെയിന്റനൻസ് ഗ്രാന്റ്-Non Road ഫണ്ടിൽ നിന്ന് വോട്ടിങ്ങ് മെഷീൻ ചാർജായി 2020-21 വർഷം കുറവു ചെയ്ത 43,309/- രൂപ തൻവർഷം 24/02/2022-ലെ സ.ഉ.(സാധാ) നം.1276/2022/ധന പ്രകാരം പ്രത്യേക അലോട്ട്മെന്റായി ലഭിച്ചിട്ടുണ്ട്. ധനകാര്യ കമ്മീഷൻ ഗ്രാന്റ് ഫണ്ടുകളിൽ ബജറ്റ് അലോട്ട്മെന്റിൽ അധികമായി 07/10/2021 ലെ G.O.(Rt) No.6591/2021/Fin പ്രകാരം മുൻവർഷം ലാപ്സായ തുക അധിക അലോട്ട്മെന്റായി ലഭിച്ചിട്ടുണ്ട്. വികസന ഫണ്ട്, മെയിന്റനൻസ് ഗ്രാന്റ് ഇനങ്ങളിൽ 31/03/22 ൽ അലോട്ട് ചെയ്ത തുക യഥാർത്ഥത്തിൽ പഞ്ചായത്തിൽ വരവായി ലഭിച്ചിട്ടില്ല. ധനകാര്യ കമ്മീഷൻ ബേസിക് ഗ്രാന്റിൽ 59,778/- രൂപ പലിശ വരവും ചേർത്തിട്ടുണ്ട്.

വിവിധ ഗ്രാന്റുകളുടെ അലോട്ട്മെന്റ്, ചെലവ് എന്നിവ അക്കൗണ്ട് ചെയ്തതിലെയും ജി.ഒ. പ്രോജക്ടുകൾ ക്രമീകരിച്ചതിലെയും അപാകതകൾ താഴെ ചേർക്കുന്നു.

- ഗ്രാന്റ് പത്രികയിൽ വിവിധ സർക്കാർ ഗ്രാന്റുകളുടെ അലോട്ട്മെന്റ് സ്രോതസ്സിൽ കുറവ് ചെയ്ത തുക ഉൾപ്പെട്ടിട്ടില്ല.
- ഗ്രാന്റ് പത്രിക പ്രകാരമുള്ള മേഖലാടിസ്ഥാനത്തിലുള്ള ചെലവ് കണക്കുകൾ സുലേഖ ചെലവ് പത്രികയിലെ ചെലവ് കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല.

സർക്കാർ ഗ്രാന്റുകളുടെ അലോട്ട്മെന്റ് കണക്കുകളിലും ചെലവ് കണക്കുകളിലും മേൽവിവരിച്ച വ്യത്യാസങ്ങളും അക്കൗണ്ടിങ്ങ് അപാകതകളും നിലനിൽക്കുന്നതിന് വിധേയമായിട്ടാണ് അനുബന്ധം-2 ഗ്രാന്റ് വിനിമയ സാക്ഷ്യപത്രം നൽകിയിട്ടുള്ളത്.

### 1-5 വാർഷികപദ്ധതി അവലോകനം.

2021-22 വാർഷികപദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പ് യോഗങ്ങൾ 28-01-2021 തീയതിയും പദ്ധതിരൂപീകരണ ഗ്രാമസഭകൾ 04-02-2021 മുതൽ 07-02-2021 വരെയും നടക്കുകയുണ്ടായി. വിവിധ തലങ്ങളിലെ ചർച്ചകളിലൂടെ ഉരുത്തിരിഞ്ഞ പദ്ധതി നിർദ്ദേശങ്ങൾ ക്രോഡീകരിച്ച് 08-02-2021 ലെ വികസനസെമിനാറിൽ വാർഷികപദ്ധതിക്ക് അന്തിമരൂപം നല്കി. ഗ്രാമപഞ്ചായത്ത് കമ്മിറ്റി അന്തിമ അംഗീകാരം നല്കിയ വാർഷിക പദ്ധതി 24-03-2022 തീയതിയിലെ 81898/21/DPC/DPO/KTM നമ്പർ ഉത്തരവ് പ്രകാരം ജില്ലാ ആസൂത്രണസമിതി അംഗീകരിച്ചു.

വാർഷികപദ്ധതിയുടെ വിവരം.

| അംഗീകാരം ലഭിച്ച പ്രോജക്ടുകളുടെ എണ്ണം | നടപ്പിലാക്കിയ പ്രോജക്ടുകളുടെ എണ്ണം. | പദ്ധതി അടങ്കൽ | പദ്ധതി ചെലവ് | ചെലവ് ശതമാനം |
|---|---|---|---|---|
| 319 | 213 | 187408482 | 72191419 | 38.52 |

അംഗീകാരം ലഭിക്കുകയും നടപ്പിലാക്കുകയും ചെയ്ത പ്രോജക്ടുകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | നിർവഹണ ഉദ്യോഗസ്ഥൻ | അംഗീകാരം ലഭിച്ച പ്രോജക്ടുകൾ | നടപ്പിലാക്കിയത് | പ്രോജക്ടുകൾക്കായി വകയിരുത്തിയ തുക. | ചെലവ്. |
|---|---|---|---|---|---|
| 1 | കൃഷി ഓഫീസർ | 12 | 9 | 3303843 | 1405488 |
| 2 | വെറ്ററിനറി സർജൻ | 8 | 7 | 5159000 | 2236500 |
| 3 | മെഡിക്കൽ ഓഫീസർ(പി.എച്ച്.സി) | 14 | 11 | 3582837 | 1386045 |
| 4 | മെഡിക്കൽ ഓഫീസർ (ആയുർവേദം) | 2 | 2 | 370000 | 369576 |
| 5 | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 2 | 1 | 400000 | 200000 |
| 6 | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 30 | 22 | 45064320 | 13686533 |
| 7 | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 4 | 2 | 5219587 | 3945529 |
| 8 | സെക്രട്ടറി | 62 | 35 | 50056044 | 14893594 |
| 9 | ഫിഷറീസ് സബ് ഇൻസ്പെക്ടർ | 4 | 2 | 4788000 | 490797 |
| 10 | അസിസ്റ്റന്റ് എൻജിനീയർ. | 158 | 101 | 63146496 | 28342180 |
| 11 | ഡയറി ഫാം ഇൻസ്ട്രക്ടർ | 1 | 1 | 500000 | 500000 |
| 12 | ഹെഡ് മാസ്റ്റർ | 5 | 5 | 513346 | 493072 |
| 13 | അസിസ്റ്റന്റ് സെക്രട്ടറി | 17 | 15 | 5304989 | 4242105 |
| | ആകെ | 319 | 213 | 187408482 | 72191419 |

അംഗീകാരം ലഭിച്ച 319 പ്രോജക്ടുകളിൽ 213 എണ്ണം നടപ്പിലാക്കിയിട്ടുണ്ട്. പ്രോജക്ടുകൾക്കായി വകയിരുത്തിയ ആകെ തുകയിൽ 38.52 ശതമാനം ചെലവഴിക്കുകയുണ്ടായി. സ്പിൽ ഓവറായി

നടപ്പാക്കുന്നതിന് അംഗീകാരം ലഭിച്ച 110 പ്രോജക്ടുകളിൽ 71 എണ്ണം മാത്രമാണ് നടപ്പാക്കിയത്. സ്പിൽ ഓവറായി നടപ്പിലാക്കുന്നതിന് അംഗീകാരം ലഭിക്കുന്ന പ്രോജക്ടുകൾ മുഴുവൻ നടപ്പാക്കുന്നില്ലയെന്നത് പദ്ധതി രൂപീകരണ നിർവഹണപ്രവർത്തനങ്ങളിലെ കാര്യക്ഷമതയില്ലായ്മയാണ് വ്യക്തമാക്കുന്നത്. വിവിധ പ്രോജക്ടുകൾക്ക് മതിയായ തുക വകയിരുത്തുന്നതിന് പകരം പദ്ധതി രൂപീകരണ/മോണിട്ടറിംഗ് പ്രോജക്ടിന്റെ ഭാഗമാക്കി തുക ചെലവഴിക്കുന്നത് പ്രോജക്ട് നിർവഹണത്തിലെ തെറ്റായ പ്രവണതയാണ്.

13-ാം പഞ്ചവത്സരപദ്ധതിയുടെ പൊതുലക്ഷ്യമായ തുടർച്ചാസാധ്യതയോടെയുള്ള പരിസ്ഥിതി സുരക്ഷ, സാമൂഹ്യനീതി, സാമ്പത്തികവളർച്ച എന്നിവ ലക്ഷ്യമാക്കി നടപ്പിലാക്കുന്ന വാർഷികപദ്ധതി സംസ്ഥാന സർക്കാർ ആവിഷ്കരിച്ച് നടപ്പാക്കി വരുന്ന ആർദ്രം, ലൈഫ്, പൊതുവിദ്യാഭ്യാസ സംരക്ഷണം, ഹരിതകേരളം എന്നീ മിഷനുകളുമായി ഏകോപിപ്പിച്ച് നടപ്പിലാക്കുന്നതിന് നിർദ്ദേശമുണ്ടായിരുന്നെങ്കിലും പൂർണ്ണ ഫലപ്രാപ്തിയുണ്ടായില്ല. കാലാകാലങ്ങളായി നടപ്പിലാക്കി വരുന്നവയല്ലാതെ വൈവിദ്ധ്യ പൂർണ്ണമായ പ്രോജക്ടുകൾ വാർഷികപദ്ധതിയിൽ ഏറ്റെടുത്തിരുന്നില്ല.

വിവിധ നിർവഹണ ഉദ്യോഗസ്ഥർ നടപ്പിലാക്കിയ പ്രോജക്ടുകൾ സമൂഹത്തിലെ വ്യത്യസ്ത ജനവിഭാഗങ്ങളുടെ ജീവിതസാഹചര്യം മെച്ചപ്പെടുത്തുന്നതിനും സാമ്പത്തിക പുരോഗതിക്കും, പഞ്ചായത്തിലെ വിവിധ പ്രദേശങ്ങളുടെ വികസനത്തിനും സഹായകമായിട്ടുണ്ട്. മരാമത്ത് പ്രവൃത്തികളിലുൾപ്പെടെ എല്ലാ പ്രോജക്ടുകളും ലക്ഷ്യപ്രാപ്തി കൈവരിക്കുന്നുവെന്ന് ഉറപ്പാക്കിയില്ല. നിക്ഷേപ പ്രവൃത്തികൾ പൂർത്തിയാക്കാൻ അവശേഷിക്കുകയും പൂർത്തിയായവയിൽ അപാകതകൾ നിലനിൽക്കുകയും ചെയ്യുന്നു.

മരാമത്ത് പ്രവൃത്തികൾക്ക് പുറമേ ഉല്പാദന, സേവന മേഖലകളിലെ പ്രോജക്ടുകളിലൂടെ ഗ്രാമപഞ്ചായത്തിൽ സാധാരണജീവിത നിലവാരം മെച്ചപ്പെടുന്ന സാഹചര്യം സൃഷ്ടിക്കപ്പെട്ടെങ്കിലും പഞ്ചായത്തിന്റെ സമഗ്രവികസനത്തിനുതകുന്ന കാര്യക്ഷമമായ നടപടികൾ ഇനിയും ഉണ്ടാവണം. ഭരണസമിതി, സ്റ്റാന്റിംഗ് കമ്മിറ്റികൾ, വർക്കിംഗ് ഗ്രൂപ്പുകൾ എന്നിവയുടെ കാര്യക്ഷമമായ ഇടപെടലുകളിലൂടെ മാത്രമെ വാർഷികപദ്ധതിയുടെ ഫലപ്രാപ്തി സാധ്യമാവുകയുള്ളൂ.

പൊതുവിഭാഗം വികസനഫണ്ട് 100%, എസ്.സി.പി വിഭാഗം ഫണ്ട് 99.87% വീതം വിവിധ പ്രോജക്ടുകൾക്കായി ചെലവഴിക്കാൻ സാധിച്ചത് പദ്ധതിനിർവഹണത്തിലെ നേട്ടമാണ്.

സർക്കാർ ഗ്രാന്റുകൾ ലാപ്സായത് .

പ്രോജക്ടുകൾ നടപ്പാകാത്തത് മൂലം ചുവടെ ചേർക്കും പ്രകാരം 5633259 രൂപയുടെ സർക്കാർ ഗ്രാന്റുകൾ ലാപ്സാവുകയുണ്ടായി. വാർഷികപദ്ധതി നിർവഹണത്തിനായി ലഭിക്കുന്ന സർക്കാർ ഗ്രാന്റുകൾ ലാപ്സാവുന്ന സാഹചര്യം ഒഴിവാക്കേണ്ടതാണ്.

| ഇനം | ആകെ ലഭ്യമായ തുക | ചെലവ് | നീക്കിയിരിപ്പ്/ ലാപ്സായത് |
|---|---|---|---|
| വികസനഫണ്ട് (പൊതു) | 16775893 | 15904000 | 871893 |
| വികസന ഫണ്ട് (SCP) | 6049300 | 5423024 | 626276 |
| വികസന ഫണ്ട് (TSP) | 24500 | 0 | 24500 |
| മെയിന്റനൻസ് ഗ്രാന്റ്, (റോഡ്) | 12673897 | 9017410 | 3656487 |
| മെയിന്റനൻസ് | 6380509 | 3536640 | 2843869 |

| | | | |
|---|---|---|---|
| ഗ്രാന്റ്, (റോഡിതരം) | | | |
| ആകെ | 41904099 | 33881074 | 8023025 |

## 1-6 മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

ഗ്രാമപഞ്ചായത്തിൽ മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം 2021-22 വർഷം 33 പേർക്ക് പുതുതായി തൊഴിൽ കാർഡ് നൽകിയിട്ടുണ്ട്. ഗ്രാമ പഞ്ചായത്തിലെ 18 വാർഡിലെ ലേബർ ഗ്രാമസഭ ചേർന്ന് ലേബർ ബജറ്റ് തയ്യാറാക്കിയിട്ടുണ്ട്. ഓഡിറ്റ് വർഷത്തെ ലേബർ ബജറ്റ് പ്രകാരം 184 പ്രവൃത്തികളാണ് വിഭാവനം ചെയ്തത്. 100 പ്രവൃത്തികൾക്ക് സാങ്കേതികാനുമതി ലഭിച്ചതിൽ 22 പ്രവൃത്തികൾ പൂർത്തീകരിക്കാനായിട്ടുണ്ട്. 37956 തൊഴിൽദിനങ്ങൾ സൃഷ്ടിക്കപ്പെട്ടു. 160 തൊഴിലാളികൾ 100 തൊഴിൽ ദിനങ്ങൾ പൂർത്തിയാക്കിയിട്ടുണ്ട്. പഞ്ചായത്തിൽ ആകെയുള്ള 225 അയൽക്കൂട്ടങ്ങളിൽ 186 എണ്ണം പദ്ധതിയുമായി സഹകരിച്ചിട്ടുണ്ട്. 610 കുടുംബങ്ങൾ പദ്ധതിയുമായി സഹകരിച്ചു. പ്രകൃതി വിഭവ സംരക്ഷണത്തിന് മുൻഗണന നല്കി ഭൂവികസനം, തോട് പുനരുദ്ധാരണം, നഴ്സറി നിർമ്മാണം തുടങ്ങിയ പ്രോജക്ടുകൾ ഏറ്റെടുത്ത് നടപ്പിലാക്കിയിട്ടുണ്ട്. കാഷ് ബുക്ക് പ്രകാരമുള്ള 2021-22 വർഷത്തെ വരവ്-ചെലവ് കണക്കുകളുടെ സംക്ഷിപ്തം ചുവടെ ചേർക്കുന്നു.

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| കാഷ് | 775 | 664137 | 664912 | 630000 | 34912 |
| ഇ.എഫ്.എം.എസ് | - | 15239377 | 15239377 | 15239377 | - |
| | 775 | 1590354 | 15904289 | 15869377 | 34912 |

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പിലാക്കിയ വിവിധ ക്ഷേമപദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| പദ്ധതിയുടെ പേര് | ചെലവഴിച്ചതുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിതവേതനം | 7,560 | 4 |
| കർഷകതൊഴിലാളി പെൻഷൻ | 4,139,800 | 216 |
| വിധവാ പെൻഷൻ | 18,459,000 | 975 |
| വാർദ്ധക്യകാല പെൻഷൻ | 51,072,400 | 2814 |
| വികലാംഗ പെൻഷൻ | 5,975,700 | 315 |
| അൻപത് വയസ്സ് കഴിഞ്ഞ അവിവാഹതരുടെ പെൻഷൻ | 1,063,800 | 57 |

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാംവകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന അക്കൗണ്ടന്റിന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പരിശോധന നിർവ്വഹിച്ച തീയതി/ സമയം | ക്യാഷ് (Rs.) | റിമാർക്ക്സ് |
|---|---|---|

| | | |
|---|---|---|
| 23.11.2022 03:15 PM | 15707/- | കൃത്യത ബോധ്യപ്പെട്ടു |

1-9 ആഭ്യന്തരനിയന്ത്രണം

സ്ഥാപനത്തിൽ പണസംബന്ധമായും ബാങ്ക് ഇടപാടുകളുമായും ബന്ധപ്പെട്ട് ക്രമക്കേടുണ്ടാകാത്തവിധം നിയന്ത്രണങ്ങൾ ബാധകമാക്കിയിട്ടുണ്ട്. ജീവനക്കാരുടെ ശമ്പളം, സേവനരേഖകൾ എന്നിവ കൃത്യമായി പരിശോധിച്ച് ഉറപ്പുവരുത്തുന്നുണ്ട്. പദ്ധതിയിതര ചെലവുകളുമായി ബന്ധപ്പെട്ട വൗച്ചറുകൾ കൃത്യമായി സൂക്ഷിച്ചിട്ടുണ്ട്. തനത് വരുമാനങ്ങൾ കൃത്യമായി തിട്ടപ്പെടുത്താനും ഈടാക്കാനും നടപടികൾ സ്വീകരിച്ചിട്ടുണ്ടെങ്കിലും വസ്തുനികുതി ഇനത്തിൽ വലിയ കുടിശിക നിലനിൽക്കുന്നു. ഡെപ്പോസിറ്റ് രജിസ്റ്റർ, അഡ്വാൻസ് രജിസ്റ്റർ, അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ എന്നിവ കൃത്യമായി സൂക്ഷിച്ചിട്ടുണ്ട്. നിർവഹണ ഉദ്യോഗസ്ഥരുടെ പ്രോജക്ട് ഫയലുകൾ ശരിയായി ക്രമീകരിച്ചിട്ടുണ്ട്. അംഗീകാരം ലഭിച്ച വാർഷികപദ്ധതി പ്രോജക്ടുകൾ മുഴുവൻ നടപ്പിലാക്കിയില്ലയെന്നത് പദ്ധതി നടത്തിപ്പിലെ അപാകതയാണ്. 2021-22 വർഷം പൊതുവെ തൃപ്തികരമായ ആഭ്യന്തരനിയന്ത്രണം സ്ഥാപനത്തിൽ നിലനിന്നിരുന്നു.

1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 09/22 | 2022-23 | 19.09.22 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 21.04.2016 | 2011-12 മുതൽ 2015-16വരെ | എൽ.ബി. (എച്ച്.ക്യൂ) 118A-2435/38 തീ 31.5.16 |

1-11 അക്കൗണ്ടുകളുടെ മാസാന്ത്യ റിക്കൺസിലിയേഷൻ നടത്തിയിട്ടില്ല.

കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) റൂൾസ്, 2011, വകുപ്പ് 6(5) പ്രകാരം ബാങ്ക്/ട്രഷറി അക്കൗണ്ടുകളുടെ ബാലൻസ് ബാങ്ക് ബുക്ക് ബാലൻസുമായി എല്ലാ മാസവും പൊരുത്തപ്പെടുത്തൽ നടത്തേണ്ടതാണ്. വകുപ്പ് 6(4) പ്രകാരം എല്ലാ ദിവസവും ബാങ്ക് ബുക്ക് ട്രാൻസാക്ഷൻ പൂർത്തിയാക്കി ക്ലോസ് ചെയ്യേണ്ടതാണെന്ന് വ്യവസ്ഥ ചെയ്യുന്നു.

പഞ്ചായത്ത് അക്കൗണ്ടുകളുടെ വിവിധ മാസങ്ങളിലെ റിക്കൺസീലിയേഷൻ പത്രിക പരിശോധിച്ചതിൽ എല്ലാ മാസവും അക്കൗണ്ടിൽ Transaction നടപടിക്രമം പൂർത്തിയാക്കി ബാങ്ക്/ട്രഷറി അക്കൗണ്ടുകളുമായി പൊരുത്തപ്പെടുത്തൽ നടത്തിയതായി കാണുന്നില്ല. ആയവ വർഷാവസാനം മാത്രമാണ് പൂർണ്ണമായും പൊരുത്തപ്പെടുത്തൽ നടത്തിയിട്ടുള്ളത്. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ബാങ്ക് | തുക | തീയതി | വിശദാംശം |
|---|---|---|---|
| കാത്തലിക് സിറിയൻ ബാങ്ക് (അക്കൗണ്ട് നം. 30804121641190001) | 1190/- | 17.5.21 | CHEQUE ISSUED |
| SBI Vadavathur | 114/- | 25.06.2021 | Directly |

| | | | |
|---|---|---|---|
| (MGNREGA) | | | Credited |
| ,, | 6,22,320/- | 15.07.2021 | |
| Sub Treasury Ayarkkunnam | 76,600/- | 31.3.21 | CHEQUE ISSUED BUT NOT PRESENTED INTO BANK |
| ,, | 85,04,772/- | 30.04.21 | DIRECTLY Credited |
| Sub Treasury , Kottayam (799010100214978) | 80,000/- | 1.9.21 | DIRECTLY Credited |
| ” | 1080/- | 30.06.21 | Directly Debited By Bank |
| SBI Vadavathur-E-PAYMENT (36842699627) | 10533/- | 1.7.21 | CHEQUE DEPOSITED BUT NOT CLEARED |
| ” | 691/- | 1.5.20 | DIRECTLY Credited |
| ” | 2,23,344/- | 31.5.21 | DIRECTLY Credited |
| Service Cooperative Bank , Vadavathoor (1643) | 500/- | 26.6.20 | CHEQUE ISSUED BUT NOT PRESENTED INTO BANK |
| ” | 800/- | 16.7.20 | ” |
| ” | 29,250/- | 26.5.21 | “ |
| TREASURY JOINT VENTURE SUB TRY AYARKKUNNAM (799011400002912) | 5,42,628/- , | 30.04.21 | DIRECTLY Credited |
| SBI, VADAVATHOOR (39529779167) | 8895/- | 31.12.21 | DIRECTLY Credited |

2) State Bank Of India (36928702171) Own Fund അക്കൗണ്ടിന്റെ വാർഷിക കണക്കുകൾ പ്രകാരം ക്ലോസിംഗ് ബാലൻസ് 2,99,07,648/- രൂപയാണ്. എന്നാൽ റിക്കൺസീലിയേഷൻ പത്രിക പ്രകാരം 2,98,86,944/- രൂപയാണ് ക്ലോസിംഗ് ബാലൻസ്.

അപാകതകൾ സംബന്ധിച്ച് ഓഡിറ്റ് അന്വേഷണകുറിപ്പ് (നം.4/26.11.2022) നൽകിയതിന് അപാകതകൾ പരിഹരിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

കേരള പഞ്ചായത്ത് രാജ് അക്കൗണ്ട്സ് റൂൾസ് കൃത്യമായി പാലിച്ച് അക്കൗണ്ട്സ് കൈകാര്യം ചെയ്യേണ്ടതാണ്.

1-12 ബാധ്യതാ തുകകൾ ബന്ധപ്പെട്ട ശീർഷകങ്ങളിലേയ്ക്ക് അടവാക്കിയില്ല.

വാർഷിക കണക്ക് B9 ഷെഡ്യൂൾ പ്രകാരം 2021-22 വർഷം 600231 രൂപ ലൈബ്രറി സെസ്സ് ഇനത്തിലും 3300 രൂപ ഫ്ലഡ് സെസ്സ് ഇനത്തിലും അടവാക്കുവാനുണ്ട്. തുകകൾ ബന്ധപ്പെട്ട ശീർഷകങ്ങളിൽ അടവാക്കി വിവരം ലഭ്യമാക്കേണ്ടതാണ്.

1-13 വസ്തുനികുതി - കുടിശിക നിൽക്കുന്നു.

1. പഞ്ചായത്തിന്റെ 2021-22 വാർഷിക ധനകാര്യ പത്രികയുടെ B15 ഷെഡ്യൂൾ പ്രകാരം 2021-22 വരെ വസ്തുനികുതിയിനത്തിൽ വലിയ തുക കുടിശിക പിരിച്ചെടുക്കാനുണ്ടെന്ന് കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഇനം | പിരിച്ചെടുക്കാൻ അവശേഷിക്കുന്ന തുക (ബാലൻസ് ഷീറ്റ് B15 പ്രകാരം) |
|---|---|
| റെസിഡൻഷ്യൽ (കറന്റ്) | 783564 |
| റെസിഡൻഷ്യൽ (അരിയർ) | 680178 |
| നോൺ റെസിഡൻഷ്യൽ (കറന്റ്) | 196638 |
| നോൺ റെസിഡൻഷ്യൽ (അരിയർ) | 1370071 |
| സേവന ഉപനികുതി (15%) | 714405 |

വസ്തുനികുതി പിരിവ് കാര്യക്ഷമമാക്കുവാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പിന് (നം.26/29.11.22) മറുപടി ലഭിച്ചില്ല. കുടിശ്ശിക ഈടാക്കുന്നതിന് നടപടി സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

2. പഞ്ചായത്ത് പരിധിയിൽ പ്രവർത്തിച്ചു വരുന്ന താഴെ കൊടുത്തിട്ടുള്ള മൊബൈൽ ടവറുകളുടെ വസ്തുനികുതി കുടിശികയാണെന്ന് പരിശോധനയിൽ കാണുന്നു.

| ക്രമ നം. | വാർഡ്/കെട്ടിട നം. | ഉടമ | കുടിശിക വർഷം | കുടിശിക തുക |
|---|---|---|---|---|
| 1 | 1/79 | ബിഎസ്എൻഎൽ | 2013-14 മുതൽ 2022-23വരെ | 81010 |
| 2 | 7/492 ഇ | ബിഎസ്എൻഎൽ | 2013-14 മുതൽ 2022-23വരെ | 103240 |
| 3 | 7/510 എ | ഇൻഡസ് ടവേഴ്സ് | 2021-22 | 34175 |
| 4 | 8/234 | ഇൻഡ്യാ ടെലികോം | 2021-22 | 14520 |
| 5 | 9/175 | ഇൻഡസ് | 2021-22 | 49501 |
| 6 | 10/146 | ബിഎസ്എൻഎൽ | 2013-14 മുതൽ 2022-23വരെ | 132080 |
| 7 | 15/81എ | ഇൻഡസ് ടവേഴ്സ് | 2021-22 | 17280 |

| | | | | |
|---|---|---|---|---|
| 8 | 15/102 എ | ബിഎസ്എൻഎൽ | 2013-14 മുതൽ 2022-23വരെ | 158400 |

മൊബൈൽ ടവറുകളുടെ വസ്തുനികുതി പിരിവ് കാര്യക്ഷമമാക്കുവാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണകുറിപ്പിന് (നം.24/29.11.22) മറുപടി ലഭ്യമാക്കിയില്ല.

വസ്തുനികുതി കുടിശിക ഈടാക്കാൻ അടിയന്തിര നടപടി സ്വീകരിക്കേണ്ടതും വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

## 1-14 വസ്തുനികുതി-വഴിയുടെ തരത്തിന്റെ അടിസ്ഥാനത്തിൽ നികുതി നിർണയിച്ചതിലെ അപാകതകൾ

1. ശ്രീ മാത്യു തോമസ് എന്ന വ്യക്തിയുടെ ഉടമസ്ഥതയിലുള്ള 16/6 എ എന്ന 935.62ച.മീ.വിസ്തീർണ്ണമുള്ള ഇതരവ്യവസായം എന്ന ഗണത്തിൽ ഉൾപ്പെട്ട കെട്ടിടത്തിന് സഞ്ചയ പ്രകാരം പ്രവേശനം 1.5 മീറ്ററിൽ കുറഞ്ഞ പഞ്ചായത്ത് റോഡ് എന്ന രേഖപ്പെടുത്തി 10% നികുതി ഇളവ് അനുവദിച്ചിട്ടുള്ളതായി കാണുന്നു. എന്നാൽ പ്ലാൻ പ്രകാരം ഈ കെട്ടിടത്തിന്റെ പ്രവേശനം 5 മീറ്ററിൽ കൂടുതലുള്ള കെ.കെ.റോഡ് എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ആയത് പ്രകാരം 20% വർദ്ധനവ് വരുത്തേണ്ടിയിരുന്നെങ്കിലും വരുത്തിയിട്ടില്ല.

2. ശ്രീ മാണി കുന്നേൽ വീട്, എന്ന വ്യക്തിയുടെ ഉടമസ്ഥതയിലുള്ള 16/416 സി,ഡി,ഇ,എഫ്,ജി എന്നീ 307.27ച.മീ.വിസ്തീർണ്ണമുള്ള വാണിജ്യ/പാർപ്പിടാവശ്യം എന്നീ ഗണങ്ങളിൽ ഉൾപ്പെട്ട കെട്ടിടത്തിന് സഞ്ചയ പ്രകാരം 1.5 മീറ്ററിൽ കൂടിയ പഞ്ചായത്ത് റോഡ് എന്ന രേഖപ്പെടുത്തി വസ്തുനികുതി ഇളവോ വർദ്ധനവോ വരുത്തിയിട്ടില്ലെന്നു കാണുന്നു. എന്നാൽ പ്ലാൻ പ്രകാരം 5 മീറ്ററിൽ കൂടിയ വടവാതൂർ കടവ്-വടവാതൂർ കുരിശ് ആണ് സമീപ റോഡ് എന്ന രേഖപ്പെടുത്തിയിട്ടുള്ളത്. ഇതു പ്രകാരമുള്ള 20% വർദ്ധനവ് വസ്തുനികുതിയിൽ വരുത്തിയില്ല.

3. ശ്രീ ടി.കെ. കുരുവിള എന്ന വ്യക്തിയുടെ ഉടമസ്ഥതയിൽ 18/393 ബി എന്ന 254.33 ച.മീ. വിസ്തീർണ്ണമുള്ള പാർപ്പിടാവശ്യത്തിനുള്ള കെട്ടിടത്തിന് സഞ്ചയ പ്രകാരം 1.5 മീറ്ററിൽ കൂടുതലുള്ള സ്വകാര്യ വഴി എന്ന രേഖപ്പെടുത്തി ഇളവോ വർദ്ധനവോ വരുത്തിയിട്ടില്ലെന്നു കാണുന്നു. എന്നാൽ പ്ലാൻ പ്രകാരം ടി കെട്ടിടത്തിന്റെ സമീപത്തെ റോഡ് 5 മീറ്ററിൽ കൂടുതലുള്ള കഞ്ഞിക്കുഴി-കളത്തിപ്പടി റോഡ് എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്. കൂടാതെ സഞ്ചയപ്രകാരം സൂചിപ്പിച്ചിട്ടുള്ള സ്വകാര്യവഴി പ്രധാന റോഡിൽ നിന്നും ടി സൈറ്റിലേക്ക് മാത്രമായി നിർമിച്ചിട്ടുള്ള റോഡാണ്. നികുതി വർദ്ധനവ് വരുത്തിയില്ല.

4. ശ്രീ ഉലഹന്നാൻ എന്ന വ്യക്തിയുടെ ഉടമസ്ഥതയിലുള്ള 12/132 എ എന്ന 43.86 ച.മീ.വിസ്തീർണ്ണമുള്ള വാണിജ്യ ഗണത്തിൽ ഉൾപ്പെട്ട കെട്ടിടത്തിന് സഞ്ചയ പ്രകാരം 1.5 മീറ്ററിൽ കൂടിയ കളത്തിപ്പടി-ആനത്താനം റോഡ് എന്ന രേഖപ്പെടുത്തി ഇളവോ വർദ്ധനവോ വരുത്തിയിട്ടില്ലെന്നു കാണുന്നു. എന്നാൽ പ്ലാൻ പ്രകാരം 5 മീറ്ററിൽ കൂടിയ റോഡാണ് സമീപത്തുള്ളതായി രേഖപ്പെടുത്തിയിട്ടുള്ളത്. ഇതു പ്രകാരമുള്ള 20% വർദ്ധനവ് വസ്തുനികുതിയിൽ ഉൾപ്പെടുത്തിയില്ല.

മേൽ അപാകതകൾ സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിന് (നം.27/29.11.22) മറുപടി ലഭ്യമായില്ല. വഴിയുടെ അടിസ്ഥാനത്തിൽ അടിസ്ഥാന നികുതിയിൽ ബാധകമാക്കേണ്ട ഇളവുകളും വർദ്ധനവുകളും പരിശോധിക്കേണ്ടതും നികുതി പുനർനിർണയിക്കേണ്ടതുമാണ്.

## 1-15 തൊഴിൽ നികുതി-ചുമത്തിയതിലും ഈടാക്കിയതിലും അപാകതകൾ

1) ഗ്രാമപഞ്ചായത്തിലെ 2021-22 വർഷത്തെ തൊഴിൽ നികുതി രജിസ്റ്റർ പരിശോധിച്ചതിൽ ചുവടെ ചേർക്കുന്ന സ്ഥാപനങ്ങളിൽ നിന്നും നികുതി അടവാക്കിയതായി കാണുന്നില്ല.

| ക്രമ | സ്ഥാപനം | നികുതി |
|---|---|---|

| നമ്പർ | | അടവാക്കാത്ത അർദ്ധ വർഷം |
|---|---|---|
| 1 | ക്വാളിറ്റി സർവ്വീസസ് ,വടവാളൂർ | 1,2 |
| 2 | മിനി മുത്തൂറ്റ് നിധി,വടവാളൂർ | 1,2 |
| 3 | സാരം സെന്റർ ഫോർ ആയുർവേദം & ആർട്സ് കളത്തിപ്പടി | 1,2 |
| 4 | പ്രോപ്പർട്ടി സൊല്യൂഷൻസ് , താന്നിക്കപ്പടി | 1,2 |
| 5 | പ്രൈഡ് ഡിസ്ട്രിബ്യൂഷൻസ്,വടവാളൂർ | 1,2 |
| 6 | ജില്ലാ സാക്ഷരതാ മിഷൻ | 1,2 |
| 7 | നടുവത്ത് എന്റർപ്രൈസസ്, എസ് എച്ച് മൗണ്ട് | 1,2 |
| 8 | ജെ കെ ഹോസ്പിറ്റൽ, കളത്തിപ്പടി | 1,2 |
| 9 | വിവിധ മിൽക്ക് സൊസൈറ്റികൾ | 1,2 |

മേൽ സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ഈടാക്കി രേഖകൾ സഹിതം മറുപടി നൽകേണ്ടതാണ്.

2) തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കി സൂക്ഷിയ്ക്കുന്നില്ല. ഡിമാന്റ് നോട്ടീസ് നൽകിയ സ്ഥാപനങ്ങൾ, തൊഴിൽ നികുതി അടച്ച സ്ഥാപനങ്ങൾ ഇവ ഏതെല്ലാം എന്നും ഇനി അടവാക്കുവാൻ അവശേഷിയ്ക്കുന്നവ ഏതൊക്കെയെന്നുമുള്ള കൃത്യമായ വിവരം രജിസ്റ്റർ സൂക്ഷിക്കാത്തതിനാൽ ലഭിയ്ക്കുന്നില്ല. രജിസ്റ്റർ തയ്യാറാക്കി സൂക്ഷിയ്ക്കേണ്ടതാണ്.

3) ജീവനക്കാരുടെ അർദ്ധവാർഷിക ശമ്പളത്തിന് ആനുപാതികമായ തൊഴിൽ നികുതിയാണോ സ്ഥാപന ഉടമകൾ തയ്യാറാക്കി നൽകിയിരിയ്ക്കുന്ന സ്റ്റേറ്റ്മെന്റ് പ്രകാരമുള്ളത് എന്ന് പരിശോധിച്ചുറപ്പാക്കുന്നില്ല. ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| സ്ഥാപനം | ജീവനക്കാരന്റെ പേര് | അർദ്ധവാർഷിക വരുമാനം | ഈടാക്കേണ്ട തൊഴിൽ നികുതി | ഈടാക്കിയ നികുതി |
|---|---|---|---|---|
| എസ്.എ.എഞ്ചിനീയറിംഗ് വർക്ക് (എം.ആർ.എഫ്. സൈറ്റ്) | കെ.എ.മോഹനൻ, ജനറൽ വർക്കർ | 97630 | 750 | 1250 |
| ” | ശിവൻ റ്റി.എൻ, ഫാബ്രിക്കേറ്റർ | 124754 | 1000 | 1252 |
| ” | സജിമോൻവി.ജി., ഫോർക്ക് ലിഫ്റ്റ് മെക്കാനിക്ക് | 172397 | 1250 | 600 |
| പോപ്പുലർ മെഗാ മോട്ടോഴ്സ് പ്രൈ.ലി. | അനക്കുട്ടൻ, ടെക്നീഷ്യൻ | 42119 | 300 | 450 |

| | | | | |
|---|---|---|---|---|
| ഡയാക്രി ടെക് ടെക്നോളജീസ് പ്രൈ.ലി. | ഫെനമോൾ പി.യു. | 93956 | 750 | 1000 |
| ” | അഞ്ജു മേരി ജോൺ | 30391 | 300 | 564 |
| ” | ഗ്രേസ് ജോർജ്ജ് | 21560 | 180 | 300 |
| ക്വാളിറ്റി എഞ്ചിനീയറിംഗ്, എം.ആർ.എഫ്. | ഷാജി ജോസഫ്, ഫാബ്രിക്കേറ്റർ | 121321 | 1000 | 1250 |

വാർഷിക ധനകാര്യ പത്രിക പ്രകാരം ജീവനക്കാരുടെ തൊഴിൽ നികുതി 84,91,321/- രൂപയും തൊഴിൽ നികുതി രജിസ്റ്റർ പ്രകാരം 80,16,673/- രൂപയും ആണ്. വിവിധ സ്ഥാപനങ്ങൾ തൊഴിൽ നികുതി ഡയറക്ട് ട്രാൻസ്ഫർ മുഖാന്തിരം അടവാക്കിയത് രജിസ്റ്ററിൽ രേഖപ്പെടുത്താത്തതാണ് 4,74,648/- രൂപയുടെ വ്യത്യാസത്തിന് കാരണം എന്ന് മറുപടി ലഭ്യമാക്കി.

മേൽ അപാകതകൾ സംബന്ധിച്ച ഓഡിറ്റ് എൻക്വയറി (നം.32/30.11.2022)ക്ക് അപാകതകൾ പരിഹരിക്കുന്നതാണെന്ന് മറുപടി നൽകിയിട്ടുണ്ട്.

അപാകതകൾ പരിഹരിച്ച് രേഖകൾ സഹിതം മറുപടി നൽകേണ്ടതാണ്.

## 1-16 ലൈസൻസില്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു

പഞ്ചായത്തിന്റെ ലൈസൻസ് രജിസ്റ്റർ പരിശോധിച്ചതിൽ ധാരാളം സ്ഥാപനങ്ങൾ ലൈസൻസ് പുതുക്കിയിട്ടില്ലെന്ന് കാണുന്നു. ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | സ്ഥാപനം/ഉടമ | സ്ഥാപനത്തിന്റെ തരം |
|---|---|---|
| 1 | ശുഭ റിൻസൻ, റിൻസൻ ചാണ്ടി അസോസിയേറ്റ്സ് | സോപ്പ് ഉൽപ്പന്നങ്ങളുടെ വിപണനം |
| 2 | സഞ്ചുമോൾ സാബു, കൃപ ടെയ് ലറിംഗ് | തയ്യൽക്കട |
| 3 | സുധീഷ് ആർ., സ്വാതി ഏജൻസി | ചെരുപ്പ് വിപണനം |
| 4 | കെഎം. അബ്ദുൾ റഹിം, കെഎംആർ ഇൻവെസ്റ്റ്മെന്റ്സ് | ഷെയർ ട്രേഡിംഗ് ബിസിനസ് |
| 5 | രമേശ് ആർ, കെയിൻ പാലസ് | ചൂരൽ, ഫർണിച്ചർ വിൽപ്പന |
| 6 | സലിൽ വേണു, എംജിഎഫ് ഹ്യൂണ്ടായി മോട്ടോഴ്സ് | കാർ വിൽപ്പനയും പ്രദർശനവും സർവീസും |
| 7 | പ്രസന്നകുമാർ, ഭാരത് ഓയിൽ മിൽസ് | വെളിച്ചെണ്ണ മിൽ |
| 8 | എംഡി മാടപ്പള്ളി ട്രേഡിംഗ് | ക്രമ്പ് റബർ |

| | | |
|---|---|---|
| 9 | വി.പി പ്രവീൺകുമാർ,<br>വൈബ്രന്റ് പവർ സൊല്യൂഷൻസ് | ജനറേറ്റർ വിൽപ്പന, സർവീസ് |
| 10 | ബിന്ദു രവി,<br>ശ്രീകൃഷ്ണ സ്റ്റോഴ്സ് | സ്റ്റേഷനറി കട |
| 11 | അനുമോൾ ഒ.സി.,<br>വടവാതൂർ ക്ഷീരവ്യവസായം | പാൽ സംഭരണം, വിതരണം |
| 12 | ഐഷാമ്മ കെ എബ്രഹാം | ലോൺട്രി |
| 13 | കെ.ജി.സോമൻ,<br>ജിഐ സ്റ്റോഴ്സ് | സ്റ്റേഷനറി കട |
| 14 | എഎസ് സന്തോഷ്,<br>ഷൈമോൻ ഫ്രൂട്ട്സ് &വെജിറ്റബിൾസ് | പച്ചക്കറി കട |
| 15 | സിന്ധു സജികുമാർ,<br>ന്യൂ ടെന്റ് | തുണിക്കട |
| 16 | ജേക്കബ് തോമസ്,<br>സിആർഐ റബർ | റബർ കോമ്പൗണ്ട് പ്രോസസ്സിംഗ് |

ലൈസൻസ് എടുക്കാതെയോ പുതുക്കാതെയോ ധാരാളം സ്ഥാപനങ്ങൾ പ്രവർത്തിച്ച് വരുന്നുണ്ടെന്നാണ് പരിശോധനയിൽ വ്യക്തമാകുന്നത്. ഇതുമൂലം സ്ഥാപനത്തിന് ഗണ്യമായ വരുമാനനഷ്ടം സംഭവിച്ചിട്ടുണ്ട്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പിന് (നം.29/29.11.22) മറുപടി ലഭിച്ചില്ല. പഞ്ചായത്തിന്റെ അധികാര പരിധിയിൽ പ്രവർത്തിക്കുന്ന ലൈസൻസെടുക്കാൻ ബാധ്യസ്ഥമായ സ്ഥാപനങ്ങളെല്ലാം ലൈസൻസെടുത്താണ് പ്രവർത്തിക്കുന്നതെന്ന് ഉറപ്പാക്കേണ്ടതാണ്. വാർഡ് അടിസ്ഥാനത്തിൽ സ്ഥാപനങ്ങളുടെ ലിസ്റ്റ് തയ്യാറാക്കി ഇക്കാര്യം ഉറപ്പ് വരുത്തേണ്ടതാണ്. തനത് വരുമാന ചോർച്ച തടയുന്നതിന് ഫലപ്രദമായ നടപടികൾ സ്വീകരിക്കുന്നതിന് ടി വിഷയത്തിലേയ്ക്ക് ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

### 1-17 ലൈസൻസ് ഫീസ് കുറവായി ഈടാക്കിയത്.

1. പഞ്ചായത്തിന്റെ ലൈസൻസ് രജിസ്റ്റർ പരിശോധിച്ചതിൽ ധാരാളം സ്ഥാപനങ്ങൾക്ക് FACTEOS ചട്ടങ്ങളും ആയതിന്റെ അടിസ്ഥാനത്തിൽ പഞ്ചായത്ത് നിശ്ചയിച്ചിട്ടുള്ള ഫീസ് നിരക്കിലും കുറഞ്ഞ നിരക്കിൽ ലൈസൻസ് ഫീസ് ഈടാക്കി ലൈസൻസ് അനുവദിച്ചിട്ടുള്ളതായി കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | സ്ഥാപനം/ഉടമ | സ്ഥാപനത്തിന്റെ തരം | മൂലധന നിക്ഷേപം (അപേക്ഷ/ പിസിബി സർട്ടിഫിക്കറ്റ് പ്രകാരം) | ഈടാക്കിയ ഫീ | പഞ്ചായത്ത് കമ്മിറ്റി നിശ്ചയിച്ച പ്രകാരം ഈടാക്കാവുന്ന നിരക്ക് |
|---|---|---|---|---|---|
| 1 | ബി&സി ടെക്നോളജീസ്, ബിനോയി | മെഡിക്കൽ, ഇലക്ട്രോണിക്സ് സാധനങ്ങൾ | 1.05 കോടി | 2500 | 5000 |

| | | | | | |
|---|---|---|---|---|---|
| | വർക്കി | വിൽപ്പന | | | |
| 2 | പേൾ ഫൈൻ ട്രേഡേഴ്സ്, രാജേഷ് കെ വർഗീസ് | പെയിന്റ് സ്റ്റോക്ക്&സെയിൽസ് | 55.43 ലക്ഷം | 750 | 2500 |
| 3 | വെൽഫാസ്റ്റ് ഹോസ്പിറ്റൽ, ഡോ.പൗലോസ് പി തോമസ് | ആശുപത്രി | 349.99 ലക്ഷം | 5000 | 7500 |
| 4 | സി കാർസ് വടവാളൂർ, ബെൻ ജോസ് | കാർ സർവീസ് | 12 ലക്ഷം | 500 | 750 |
| 5 | കെഎംആർ റെക്സിൻ & ഫർണിഷിംഗ് സെന്റർ, കെഎം അബ്ദുൾ റഹിം | കർട്ടൻ,വാൾപേപ്പർ ഫർണിഷിംഗ് ക്ലോത്ത് | 95 ലക്ഷം | 1000 | 2500 |
| 6 | അറയ്ക്കൽ ട്രേഡേഴ്സ്, ബേബി ഐപ്പ് | സൂപ്പർമാർക്കറ്റ് | 50ലക്ഷം | 500 | 1000 |
| 7 | സോളമൻസ് ജിം, സോളമൻ തോമസ് | ജിം | 15 ലക്ഷം | 500 | 750 |

ലൈസൻസ് ഫീസ് കുറവായി ഈടാക്കിയത് സംബന്ധിച്ച ഓഡിറ്റ് അന്വേഷണക്കുറിപ്പ് (നം. 28/29.11.22) നൽകിയതിന് മറുപടി ലഭിച്ചില്ല. ലൈസൻസ് ഫീസ് ഈടാക്കിയതിൽ കുറവ് വന്ന തുക ഈടാക്കേണ്ടതാണ്.

2. FACTEOS ചട്ടങ്ങൾ പ്രകാരം യന്ത്രങ്ങളുടെ ഉപയോഗത്തിന് ഈടാക്കാവുന്ന പരമാവധി തുക പട്ടിക 3 പ്രകാരം വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ പഞ്ചായത്തിൽ പ്രവർത്തിക്കുന്ന താഴെ സൂചിപ്പിച്ചിട്ടുള്ള സ്ഥാപനങ്ങളിൽ നിന്നും കുതിരശക്തിയുടെ അടിസ്ഥാനത്തിലുള്ള ഫീസ് ഈടാക്കിയിട്ടില്ലെന്ന് കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | സ്ഥാപനം/ഉടമ | സ്ഥാപനത്തിന്റെ തരം | ഉപയോഗിക്കുന്ന യന്ത്രത്തിന്റെ എച്ച് പി (പിസിബി സർട്ടിഫിക്കറ്റ് പ്രകാരം) | ഈടാക്കിയ ഫീസ് | ഈടാക്കാവുന്ന പരമാവധി ഫീസ് |
|---|---|---|---|---|---|
| 1 | ജെകെ മെഡികെയർ സെന്റർ, ഡോ.രഞ്ജിത് | ആശുപത്രി | 250കെവിഎ (330എച്ച്പി) | - | 3300 |

| | | | | | |
|---|---|---|---|---|---|
| | ജോൺ | | | | |
| 2 | സ്റ്റാൻഡേർഡ് ട്രേഡ്സ് പ്രൈവറ്റ് ലിമിറ്റഡ് | | 1318 എച്ച് പി | 2000 | 13180 |

കുതിരശക്തിയുടെ അടിസ്ഥാനത്തിൽ ഈടാക്കാവുന്ന ഫീസ് കുറവായി ഈടാക്കിയത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.28/29.11.22) മറുപടി ലഭിച്ചില്ല. ലൈസൻസ് ഫീസ് ഈടാക്കിയതിൽ കുറവ് വന്ന തുക ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

**1-18 പാർപ്പിടാവശ്യത്തിനുള്ള കെട്ടിടങ്ങളിൽ വാണിജ്യാവശ്യത്തിനുള്ള ലൈസൻസിനായി അപേക്ഷ.**

ലൈസൻസിന് അപേക്ഷിച്ച താഴെ കൊടുത്തിട്ടുള്ള വ്യക്തികളുടെ സ്ഥാപനങ്ങൾക്ക് സ്ഥാപനം സ്ഥിതി ചെയ്യുന്ന കെട്ടിടങ്ങൾ നിലവിൽ പാർപ്പിടാവശ്യത്തിനുള്ള ഉപയോഗക്രമം എന്ന രേഖപ്പെടുത്തിയാണ് വസ്തുനികുതി നിർണയിച്ചിട്ടുള്ളതെന്ന് ചൂണ്ടിക്കാട്ടി ലൈസൻസ് അനുവദിച്ചിട്ടില്ലെന്നു കാണുന്നു. ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | കെട്ടിട നം/ഉടമ | സ്ഥാപനത്തിന്റെ തരം |
|---|---|---|
| 1 | 9/578, കരുൺ കെഎസ് | തേങ്ങാ സംഭരണം |
| 2 | 15/384, കെഎം.അബ്ദുൾ റഹിം | സിനിമ നിർമാണം |
| 3 | 11/230, ശ്രീജിത് പി.എം. | പലചരക്ക് കട |
| 4 | 15/372, ടി.ജെ.ജോസഫ് അധികാരത്തിൽ | - |
| 5 | 18/403, ജൂഡി ജോസഫ് | ഐഇഎൽറ്റിഎസ് ട്രെയിനിംഗ് സെന്റർ |
| 6 | 17/397, കെഎസ് വാസുദേവൻ | ഗ്രോസറി സ്റ്റോർ |
| 7 | 10/432, സിജു ടി | പേപ്പർ ബാഗ് നിർമാണം, വിൽപ്പന |

സഞ്ചയ പരിശോധിച്ചതിൽ നിലവിലും ഈ കെട്ടിടങ്ങൾ പാർപ്പിടാവശ്യം എന്ന ഗണത്തിൽ തന്നെയാണ് തുടരുന്നതെന്ന് കാണുന്നു. പ്രസ്തുത കെട്ടിടങ്ങളെ വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾ എന്ന ഗണത്തിലുൾപ്പെടുത്തി നികുതി നിർണയിക്കാൻ നടപടികൾ സ്വീകരിച്ചതിന്റെ വിശദാംശങ്ങൾ ആവശ്യപ്പെട്ട് അന്വേഷണക്കുറിപ്പ് (നം.23/29.11.22) നൽകിയെങ്കിലും മറുപടി ലഭ്യമായില്ല. വാണിജ്യാവശ്യത്തിനായി ഉപയോഗിച്ച് വരുന്നതും എന്നാൽ പാർപ്പിടാവശ്യത്തിനുള്ള കുറഞ്ഞ വസ്തുനികുതി നിരക്കിൽ തുടരുന്നതുമായ കെട്ടിടങ്ങൾ ഉണ്ടെങ്കിൽ ആയത് കണ്ടെത്തി അവയെ യഥാർത്ഥ ഉപയോഗക്രമത്തിലേക്ക് മാറ്റി നികുതി പുനർ നിർണയിക്കേണ്ടതാണ്.

## 1-19 ഒപ്ടിക്കൽ ഫൈബർ വിന്യസിക്കുന്നതിന് ജിഐ പോളുകൾ സ്ഥാപിച്ചത് - ഡെപ്പോസിറ്റ് ഈടാക്കിയില്ല.

വിജയപുരം ഗ്രാമപഞ്ചായത്തിന്റെ വിവിധ പ്രദേശങ്ങളിൽ ഓവർഹെഡ് ഫൈബർ ഒപ്റ്റിക്കൽ കേബിളുകൾ സ്ഥാപിക്കുന്നതിനായി ജി.ഐ പോളുകൾ സ്ഥാപിക്കുന്നതിനായി ജിയോ,എയർടെൽ സ്ഥാപനങ്ങൾ അപേക്ഷ നൽകിയിരുന്നു. പഞ്ചായത്ത് വഴികളിലൂടെ കുറഞ്ഞത് 6 മീറ്റർ ഉയരമുള്ള പോളുകൾ സ്ഥാപിച്ച് കേബിളുകൾ വലിക്കുന്നതിനാണ് അനുമതി ആവശ്യപ്പെട്ടത്. പി.ഡബ്ല്യു.ഡി റോഡുകളിൽ പോളുകൾ സ്ഥാപിക്കുന്നതിന് ആധാരമാക്കിയ വ്യവസ്ഥകൾ പാലിച്ചും (GO(Rt)89/2020/ PWD/23.1.20) നിലവിലുള്ള റോഡ് റീസ്റ്റോറേഷൻ ചാർജ്ജുകൾ കണക്കാക്കിയും അസിസ്റ്റന്റ് എഞ്ചിനീയർ പ്രസ്തുത അപേക്ഷകളിന്മേൽ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. പി.ഡബ്ള്യു.ഡിയുടെ ഉത്തരവ് പ്രകാരം പോളുകൾ സ്ഥാപിക്കുന്നതിന് വാർഷിക വാടകയായി പോളൊന്നിന് 360 രൂപ ഈടാക്കേണ്ടതും വാർഷികമായി 5% വർദ്ധനവ് വരുത്തേണ്ടതുമാണ്. ഇതു കൂടാതെ വാർഷിക വാടകയുടെ 10% തുക സെക്യൂരിറ്റി ഡെപ്പോസിറ്റായി ഈടാക്കണമെന്ന് ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട്. കമ്പനികളുമായി ഉത്തരവുകൾ പ്രകാരം എഗ്രിമെന്റ് തയ്യാറാക്കിയിട്ടുമുണ്ട്. വാർഷിക വാടക ഈടാക്കിയിട്ടുണ്ടെങ്കിലും 10% സെക്യൂരിറ്റി ഡെപ്പോസിറ്റ് ഈടാക്കിയതായി കാണുന്നില്ല. പോളുകൾക്ക് കണക്കാക്കിയ വാർഷിക വാടക ചുവടെ ചേർക്കുന്നു.

| ക്രമ നം. | സ്ഥാപനം | പോളുകളുടെ എണ്ണം | കണക്കാക്കിയ തുക |
|---|---|---|---|
| 1 | ജിയോ ഡിജിറ്റൽ ഫൈബർ പ്രൈവറ്റ് ലിമിറ്റഡ് | 290 | 290X360=104400 |
| 2 | ജിയോ ഡിജിറ്റൽ ഫൈബർ പ്രൈവറ്റ് ലിമിറ്റഡ് | 165 | 165X360=59400 |
| 3 | എയർടെൽ | 5 | 5X360=1800 |
| | | ആകെ | 165600 |

സെക്യൂരിറ്റി ഡെപ്പോസിറ്റായി 16560 രൂപ ഈടാക്കേണ്ടിയിരുന്നെങ്കിലും ഈടാക്കിയിട്ടില്ല. ഇതു സംബന്ധിച്ച ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.25/29.11.22) മറുപടി ലഭ്യമായില്ല. പ്രസ്തുത സ്ഥാപനങ്ങളിൽ നിന്നും സെക്യൂരിറ്റി ഡെപ്പോസിറ്റ് ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## 1-20 ഹോമിയോ ആശുപത്രിക്ക് മരുന്ന് - മരുന്നുകൾ പൂർണ്ണമായും ലഭ്യമായിട്ടില്ല.

| | |
|---|---|
| പ്രോജക്ട് നമ്പർ/പേര് | 44/22, ഹോമിയോ ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങൽ |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, ഹോമിയോ |
| അടങ്കൽ | 2,00,000/- (മെയിന്റനൻസ് ഫണ്ട് റോഡിതരം) |
| ചെലവ് | 2,00,000/- (മെയിന്റനൻസ് ഫണ്ട് റോഡിതരം) |
| ബിൽ നം., തീയതി | 1/22/06.12.2021 |

ഹോമിയോ ഡിസ്പെൻസറിക്ക് മരുന്നുകൾ വാങ്ങുന്നതിനായി കേരള സ്റ്റേറ്റ് ഹോമിയോപ്പതിക് കോ-ഓപ്പറേറ്റീവ് ഫാർമസി ലിമിറ്റഡ് എന്ന സ്ഥാപനത്തിന് 2,00,000/- രൂപ മേൽപ്പറഞ്ഞ ബില്ലുകൾ

പ്രകാരം കൈമാറിയിട്ടുണ്ട്. എന്നാൽ ഇൻവോയ്സ് നം.എൽ.എഫ്.727/20.09.2022 പ്രകാരം 1,06,715/- രൂപയുടെ മരുന്നുകളാണ് ലഭ്യമായത്. 93,285/- രൂപയുടെ മരുന്നുകൾ ലഭ്യമായിട്ടില്ല. മരുന്നുകൾ ലഭ്യമാകുന്ന മുറയ്ക്ക് സ്റ്റോക്കിൽ ചേർത്ത് വിവരം അറിയിക്കുന്നതിലേക്കായി 93,285/- രൂപയുടെ മരുന്നുകൾ ലഭ്യമായിട്ടില്ല. മരുന്നുകൾ ലഭ്യമാകുന്ന മുറയ്ക്ക് സ്റ്റോക്കിൽ ചേർത്ത് വിവരം അറിയിക്കുന്നതിലേക്കായി 93,285/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-21 സ്മാർട്ട് ക്ലാസ് റൂം പ്രൊജക്ട്-മാർഗരേഖ പാലിച്ചില്ല

ഹെഡ്മാസ്റ്റർ നിർവഹണം നടത്തിയ പ്രൊജക്ടായിരുന്ന (നം. 32/22) നട്ടാശ്ശേരി ഗവ.യുപിഎസ്, ഗവ.എൽപിഎസ് പാറമ്പുഴ എന്നിവിടങ്ങളിൽ സ്മാർട്ട് ക്ലാസ് റൂം സ്ഥാപിക്കൽ. മെയിന്റനൻസ് ഗ്രാന്റ് നോൺ റോഡിൽ നിന്നും വകയിരുത്തിയ 400000 രൂപയിൽ 394960 രൂപ ചെലവഴിച്ചാണ് (ബിൽ നം.4/21-22/16.3.22) പദ്ധതി നടപ്പാക്കിയത്. സ്മാർട്ട് ക്ലാസ് റൂം സ്ഥാപിക്കുന്നതിനുള്ള സാമഗ്രികൾ ടെണ്ടർ മുഖേന ലഭ്യമാക്കുന്നതിനാണ് പ്രോജക്ടിൽ ലക്ഷ്യമാക്കിയത്. GEM ൽ നിന്നും ലഭ്യമായ നിരക്കിൽ ആർജെ എന്റർപ്രൈസസ് വടവാതൂർ എന്ന സ്ഥാപനത്തിൽ നിന്നുമാണ് ഉപകരണങ്ങൾ വാങ്ങിയിട്ടുള്ളത്.

പൊതു വിദ്യാഭ്യാസ വകുപ്പിന്റെ 27.9.2019 ലെ സ.ഉ.(സാധാ) നം.3847/2019 ഉത്തരവിൽ ഹൈടെക് സ്കൂൾ പദ്ധതി നടപ്പാക്കുന്നതിന്റെ ഭാഗമായി സംസ്ഥാനത്തെ പൊതുവിദ്യാഭ്യാസ വകുപ്പിലെ സ്കൂളുകൾക്കും ഓഫീസുകൾക്കും ആവശ്യമായ മുഴുവൻ ഹാർഡ്‌വെയർ ഉപകരണങ്ങളും സർക്കാർ ഫണ്ടോ എംഎൽഎ/ എംപി/തദ്ദേശസ്ഥാപനങ്ങൾ എന്നിവയുടെ ഫണ്ടുകളോ ഉപയോഗിച്ച് വാങ്ങുന്നതിനും വിന്യസിക്കുന്നതിനും മാർഗനിർദേശങ്ങൾ നൽകിയിട്ടുണ്ട്. ഈ ഉത്തരവിൽ ഹൈടെക് സ്കൂൾ/സ്മാർട്ട് ക്ലാസ് റൂമിന് ആവശ്യമായിട്ടുള്ളത് ലാപ്ടോപ്പ്, സീലിംഗിൽ ഉറപ്പിച്ചിട്ടുള്ള മൾട്ടിമീഡിയ പ്രൊജക്ടർ, പ്രൊജക്ഷന് അനുയോജ്യമായ രീതിയിൽ പെയിന്റടിച്ച ഭിത്തി/സ്ക്രീൻ, യുഎസ്ബി സ്പീക്കർ, ബ്രോഡ്ബാന്റ് ഇന്റർനെറ്റ് എന്നിവയാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. മാർഗനിർദേശങ്ങളിൽ ഉൾപ്പെടുത്താത്ത ഇന്ററാക്ടീവ് വൈറ്റ് ബോർഡ്, സ്മാർട്ട് ടിവി പോലുള്ളവ, അവയുടെ ഉപയോഗം കാര്യക്ഷമമല്ല എന്നു കണ്ടതിനാൽ സ്കൂളുകളിൽ വിന്യസിക്കേണ്ടതില്ലെന്നും ഉത്തരവിൽ വ്യക്തമാക്കുന്നു. നിലവിൽ സ്കൂളുകളിലേക്ക് വാങ്ങിയിട്ടുള്ളത് ഇന്ററാക്ടീവ് വൈറ്റ് ബോർഡാണെന്നാണ് വ്യക്തമായിട്ടുള്ളത്. ആയതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഉപകരണം | തുക (ജിഎസ് ടി 18% ഉൾപ്പെടെ) |
|---|---|
| Logic Interactive Panel LT-IR65AW | 256000 |

ഉത്തരവിന്റെ അനുബന്ധമായി വാങ്ങാവുന്ന ഉപകരണങ്ങളുടെ സ്പെസിഫിക്കേഷനുകളും വിലകളും വ്യക്തമാക്കിയിട്ടുണ്ട്. ആയത് പ്രകാരം ലാപ് ടോപ്പ്, പ്രൊജക്ടർ, പ്രൊജക്ടർ സീലിംഗ് മൗണ്ട്, യുഎസ്ബി സ്പീക്കർ, പ്രൊജക്ടർ സ്ക്രീൻ എന്നിവയുടെ പരമാവധി വില 59577 രൂപയാണ്. മാർഗ നിർദേശങ്ങളിൽ പരാമർശിക്കാത്ത ഉകരണങ്ങൾ ഉപകരണമൊന്നിന് 15000 രൂപയും മൊത്തം പ്രൊജക്ട് തുക 50000 രൂപയിൽ കവിയാതെയും സ്റ്റോർ പർച്ചേസ് മാനദണ്ഡങ്ങൾ പാലിച്ച് വാങ്ങേണ്ടതാണെന്നും ഉത്തരവിൽ

വ്യക്തമാക്കിയിട്ടുണ്ട്. സ.ഉ. സാധാ 830/2022/GEDN തീയതി , 14-02-2022 പ്രകാരം തുകകൾ പുതുക്കിയിട്ടുണ്ടെങ്കിലും പദ്ധതി നിർവഹിച്ചിട്ടുള്ളത് പുതിയ ഉത്തരവ് പ്രാബല്യത്തിലാകുന്നതിന് മുമ്പാണ്. പുതിയ ഉത്തരവ് പ്രകാരം ചെലവഴിക്കാവുന്ന തുക 84896 രൂപ മാത്രമാണ്.

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് സ്മാർട്ട് ക്ലാസ് റൂം സ്ഥാപിച്ചിട്ടുള്ള സ്കൂളുകൾ സന്ദർശിച്ച് ഉപകാരപ്രദമാണെന്ന് ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിലാണ് ഇന്ററാക്ടീവ് ബോർഡ് വാങ്ങാൻ തയ്യാറായതെന്നും ഇതു സംബന്ധിച്ച സർക്കാർ നിർദേശം ശ്രദ്ധയിൽപ്പെട്ടിരുന്നില്ലെന്നും മറുപടി നൽകി. കൂടാതെ നിലവിൽ രണ്ടു സ്കൂളുകളിലും ഇന്ററാക്ടീവ് സ്മാർട് ബോർഡ് വളരെ ഫലപ്രദമായും ഉപകാരപ്രദമായും ഉപയോഗിച്ചു വരുന്നുണ്ടെന്നും മറുപടിയിൽ വ്യക്തമാക്കിയിട്ടുണ്ട്.

പദ്ധതികൾ നടപ്പാക്കുമ്പോൾ സർക്കാർ ഉത്തരവുകളും മാർഗരേഖകളും പാലിച്ച് നടപ്പാക്കുന്നുവെന്ന് ഉറപ്പാക്കേണ്ടതാണ്. അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

1-22 കെൽട്രോണിൽ നിന്നും കമ്പ്യൂട്ടർ നാളിതുവരെ ലഭ്യമായില്ല.

| | |
|---|---|
| പ്രോജക്ട് നമ്പരും പേരും | 0047/2021-22<br>കൃഷി ഭവനിലേക്ക് കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങൾ വാങ്ങൽ |
| വികസനഫണ്ട് | 50000 |
| ചെലവ് | 49908 |
| ബിൽ നമ്പരും തീയതിയും | നം - 15/24.03.22 -39797<br>നം - 16/31.03.22 - 10111 |

കൃഷി ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി ടി പ്രോജക്ട് പ്രകാരം കൃഷി ഭവനിലേക്ക് കെൽട്രോണിൽ നിന്നും കംപ്യൂട്ടർ വാങ്ങുന്നതിനായി 39797 രൂപ ചെലവഴിച്ചിട്ടുണ്ടെങ്കിലും നാളിതുവരെ കമ്പ്യൂട്ടർ ലഭ്യമായിട്ടില്ല. കൂടാതെ വകയിരുത്തിയതിൽ അവശേഷിച്ച 10111 രൂപയും തനതു ഫണ്ടിൽ നിന്നും 4389 രൂപയും (പ്രോജക്ട് 01/2021-22 പ്രകാരം) ചെലവഴിച്ച് കെ.ആർ. എന്റർപ്രൈസസ്, കോട്ടയത്ത് നിന്നും 14500 രൂപയുടെ ഒരു പ്രിന്ററും (സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായ പദ്ധതി രൂപീകരണവും മോണിട്ടറിംഗും) വാങ്ങിയിട്ടുണ്ട്. പ്രിന്റർ വാങ്ങുന്നതിന് ടി സ്ഥാപനത്തെ തെരഞ്ഞെടുത്തതിന്റെ തെളിവുകളായ കമ്മിറ്റി തീരുമാനം, ടെണ്ടർ/ക്വട്ടേഷൻ വിവരങ്ങൾ എന്നിവ ഫയലിൽ ലഭ്യമല്ല. ടി അപാകതകൾ ചൂണ്ടിക്കാട്ടി നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.09/28.11.2022) മറുപടി ലഭ്യമാക്കിയിട്ടില്ല. കമ്പ്യൂട്ടർ ലഭ്യമായിട്ടില്ലാത്തതിനാൽ ചെലവഴിച്ച തുക 39797 രൂപ തടസ്സപ്പെടുത്തുന്നു. മറ്റ് അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

1-23 നെൽവിത്ത് വാങ്ങൽ - നടപടിക്രമങ്ങൾ പാലിച്ചില്ല.

| | | |
|---|---|---|
| | പ്രോജക്ട് നമ്പരും പേരും | 0046/2021-22<br>സമഗ്ര നെൽകൃഷി വികസനം |
| അടങ്കൽ | വികസനഫണ്ട് | 414537 |
| | തനത് ഫണ്ട് | 304290 |
| | ഗുണഭോക്തൃ വിഹിതം (നേരിട്ട് ചെലവഴിക്കുന്നത്) | 98670 |
| | ചെലവ് (വികസന ഫണ്ട്) | 73080 |

ടി പ്രോജക്ട് പ്രകാരം 1740 Kg നെൽവിത്തുകൾ കർണ്ണാടക സ്റ്റേറ്റ് സീഡ്സ് കോർപ്പറേഷൻ

ലിമിറ്റഡിന്റെ കേരളത്തിലെ ഡീലറായ പീടികയിൽ ഏജൻസീസിൽ നിന്നും ഇൻവോയിസ് നം - 317/04.02.21 പ്രകാരം വാങ്ങി കർഷകർക്ക് വിതരണം ചെയ്തിട്ടുണ്ട്. വിത്തുകൾ വി.എഫ്.കെ.സി യിൽ നിന്നോ സർവ്വീസ് സഹകരണ സംഘങ്ങളുടെ കീഴിലുള്ള കർഷക സേവന കേന്ദ്രങ്ങളിൽ നിന്നോ കേരള സർക്കാർ അംഗീകൃത ഏജൻസികളിൽ നിന്നോ വാങ്ങുന്നതിന് വിവിധ സർക്കാർ ഉത്തരവുകൾ (സ.ഉ.(സാധാ)നം.1087/2020/തസ്വഭവ തീയതി 10.06.2020, സ.ഉ.(സാധാ)നം.616/2021/തസ്വഭവ തീയതി 26.02.2021) നിലവിലുണ്ടെങ്കിലും ടെണ്ടർ കൂടാതെ ടി സ്ഥാപനത്തിൽ നിന്നും നെൽവിത്തുകൾ വാങ്ങിയതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (10/28.11.22) മറുപടി ലഭ്യമാക്കിയിട്ടില്ല. ടി സ്ഥാപനം കേരള സർക്കാർ അംഗീകൃതമാണോയെന്ന് വ്യക്തമല്ല. പദ്ധതികൾ നടപ്പിലാക്കുമ്പോൾ സർക്കാർ ഉത്തരവുകൾ പാലിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-24 എസ്.സി കോളനിയിലെ കുടിവെള്ളപദ്ധതിയുടെ വൈദ്യുതി ചാർജ്ജ് -സർചാർജ്ജ് ഒടുക്കിയത്.

പ്രോജക്ട് നം. - 0009/2021-22

വികസനഫണ്ട് (എസ്.സി.പി)- 137783

ചെലവ് - 137783

നിർവ്വഹണോദ്യോഗസ്ഥൻ- അസി.സെക്രട്ടറി

വിജയപുരം ഗ്രാമപഞ്ചായത്ത് വാർഡ് 17 ലെ എസ്.സി കോളനികളിലെ പള്ളിക്കുന്ന്, ചെമ്പോല എന്നീ കുടിവെള്ള പദ്ധതികളുടെ 1146311012377, 1146312011775 കൺസ്യൂമർ നമ്പരുകളിലുള്ള വൈദ്യുതി ചാർജ്ജ് കെ.എസ്.ഇ.ബി മണർകാട് സെക്ഷനിലും വാർഡ് - 2 ലെ കൊശമറ്റം കുടിവെള്ള പദ്ധതിയുടെ 1146350022092 കൺസ്യൂമർ നമ്പരിലുള്ള വൈദ്യുത ചാർജ്ജ് കെ.എസ്.ഇ.ബി കോട്ടയം ഈസ്റ്റ് സെക്ഷനിലും ഒടുക്കുന്നതിനായി പ്രോജക്ട് ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്. ടി പദ്ധതിയുടെ ഫയൽ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1. ഓരോ മാസത്തെയും ബിൽ പ്രകാരമുള്ള തുക സമയബന്ധിതമായി അടവാക്കാത്തതിനാലും പൂർണ്ണമായും അടവാക്കാത്തതിനാലും എല്ലാ ബില്ലുകളിലും സർചാർജ്ജ് അടയ്ക്കുന്നതായി കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | കൺസ്യൂമർ നമ്പർ | വൈദ്യുത ചാർജ്ജ് ഡിമാന്റ് ചെയ്ത മാസം | ബിൽ തുക | ഒടുക്കിയ സർചാർജ്ജ് തുക |
|---|---|---|---|---|
| 1 | 1146312011775 | 06/21 | 12136 | 5 |
| | | 08/21 | 6349 | 260 |
| | | 10/21 | 6299 | 308 |
| | | 12/21 | 5850 | 19 |
| | | 02/22 | 5175 | 48 |
| 2 | 1146311012377 | 04/21 | 20024 | 136 |
| | | 06/21 | 20024 | 22 |
| | | 08/21 | 12620 | 671 |
| | | 12/21 | 10767 | 404 |
| | | 02/22 | 13567 | 14 |
| 3 | 1146350022092 | 04/21 | 13489 | 102 |
| | | 06/21 | 13489 | 8 |

| | | | | |
|---|---|---|---|---|
| | | 08/21 | 11140 | 415 |
| | | 10/21 | 12303 | 223 |
| | | 12/21 | 7371 | 172 |
| | | 02/22 | 5175 | 48 |
| | | | | 2855 |

ഇപ്രകാരം വികസനഫണ്ടിൽ നിന്നും സർചാർജ്ജ് ഇനത്തിൽ തുക ചെലവഴിക്കുന്നത് അനുവദനീയമല്ല. ഓരോ പുതിയ ബിൽ ജനറേറ്റ് ചെയ്യുമ്പോഴും അതുവരെയുള്ള സർചാർജ്ജ് തുക കുടിശ്ശികയോടൊപ്പം ചേർക്കപ്പെടുന്നതിനാൽ സർചാർജ്ജ് ഇനത്തിൽ മേൽ തുകയേക്കാൾ കൂടുതൽ തുക കെ.എസ്.ഇ.ബിയിൽ ഒടുക്കിയിട്ടുണ്ട്.

2. വൈദ്യുതി ചാർജ്ജ് തുക പ്രസ്തുത സെക്ഷന്റെ അക്കൗണ്ടുകളിലേക്ക് ട്രാൻസ്ഫർ ചെയ്തിട്ടുണ്ടെങ്കിലും ആയത് അതാത് കൺസ്യൂമർ നമ്പരുകളിൽ വരവ് ചെയ്ത് രസീത് നൽകിയതായി കാണുന്നില്ല.

ടി അപാകതകൾ പരാമർശിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക്(നം.01/2021-22) കോവിഡ് സമയത്ത് ബില്ലുകൾ യഥാസമയം ഹാജരാക്കാതിരുന്നതിനാലാണ് സമയബന്ധിതമായി തുക ഒടുക്കാൻ സാധിക്കാതിരുന്നതെന്നും പ്രസ്തുത കുടിവെള്ള പദ്ധതികൾക്കായി മാസാമാസം അതാത് സെക്ഷന്റെ അക്കൗണ്ടുകളിലേയ്ക്ക് തുക കൈമാറ്റം ചെയ്തിട്ടുള്ളതും ആയതിന്റെ യു.ടി.ആർ ലഭ്യമായിട്ടുണ്ടെന്നുമാണ് മറുപടി ലഭ്യമാക്കിയിട്ടുള്ളത്. എന്നാൽ യു.ടി.ആർ നമ്പർ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

സമയബന്ധിതമായി വൈദ്യുതി ചാർജ്ജ് ഒടുക്കേണ്ടതും തുക ഒടുക്കിയതിന്റെ രസീതുകൾ ഫയലിൽ സൂക്ഷിക്കേണ്ടതുമാണ്.

### 1-25 ആർദ്രം പദ്ധതി -ജോലിക്ക് ഹാജരാകാത്ത മാസത്തെ വേതനം നൽകി.

| പ്രോജക്ട് നം | വകയിരുത്തൽ | ചെലവ് | ഫണ്ട് |
|---|---|---|---|
| 0063/2021-22 | 300000 | 224968 | തനത് ഫണ്ട് |
| S0204/2021-22 | 63686 | 44000 | തനത് ഫണ്ട് |

മെഡിക്കൽ ഓഫീസർ, പി.എച്ച്.സി. നടപ്പിലാക്കിയ ടി പ്രോജക്ടുകൾ പ്രകാരം പാറമ്പുഴ എഫ്.എച്ച്.സിയിലെ ഫാർമസിസ്റ്റായ ശ്രീമതി.രേഷ്മ സ്കറിയായ്ക്ക് 2021 മാർച്ച് മുതൽ 2022 ഫെബ്രുവരി വരെ പ്രതിമാസം 22000 രൂപയും 2022 മാർച്ചിൽ 7 ദിവസത്തെ വേതനമായ 4968 രൂപയുമുൾപ്പെടെ 268968 രൂപയാണ് ആകെ നൽകിയിട്ടുള്ളത്. എന്നാൽ 2022 ജനവരിയിലെ അറ്റൻഡൻസ് രജിസ്റ്ററിൽ ടിയാളുടെ പേര് രേഖപ്പെടുത്തിയിട്ടില്ല. മാത്രമല്ല ഒക്ടോബർ, നവംബർ, ഡിസംബർ മാസങ്ങളിലെ ഹാജർ ബുക്ക് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. ടിയാളെ നിയമിച്ചതിന്റെ പഞ്ചായത്ത് കമ്മറ്റി തീരുമാനവും വേതനവ്യവസ്ഥയ്ക്കായി ടിയാളും മെഡിക്കൽ ഓഫീസറും കരാറിലേർപ്പെട്ടതിന്റെ രേഖകളും പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം. 20/29.11.22) മറുപടി ലഭ്യമാക്കിയിട്ടില്ല. ജനവരി മാസത്തിൽ ജോലിക്ക് ഹാജരാകാതെ 22000 രൂപ (ചെക്ക് നം. 5118728/ 21.02.22) നൽകിയത് അനുവദനീയമല്ല. ചെലവിനാസ്പദമായ രേഖകൾ കൃത്യമായി ഫയലിൽ സൂക്ഷിക്കേണ്ടതാണ്. അപാകതകൾക്ക് രേഖാമൂലം മറുപടി ലഭ്യമാക്കാത്തപക്ഷം 22000/- രൂപ തിരികെ ഈടാക്കേണ്ടതാണ്. കൂടാതെ, 2021 ഒക്ടോബർ, നവംബർ, ഡിസംബർ മാസങ്ങളിലെ ഹാജർ ബുക്ക് ഹാജരാക്കാത്തതിനാൽ 3 മാസത്തെ ശമ്പള ഇനത്തിൽ നൽകിയ 22000x3 = 66,000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. അറ്റൻഡൻസിൽ പേരില്ലാത്ത ജനവരി മാസത്തിലെ ശമ്പളമായി നൽകിയ തുക 22,000/- രൂപ ഉൾപ്പെടെ 88,000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

### 1-26 കുടുംബശ്രീ റിവോൾവിംഗ് ഫണ്ട് - തിരിച്ചടയ്ക്കാൻ അവശേഷിക്കുന്നു.

വിജയപുരം ഗ്രാമപഞ്ചായത്തിൽ രജിസ്റ്റർ ചെയ്ത കുടുംബശ്രീകൾക്ക് പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനായി 2021-22 സാമ്പത്തിക വർഷത്തിൽ അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി നടപ്പിലാക്കിയ പ്രോജക്ട് പ്രകാരം (പ്രോജക്ട് നം.341/2021-22) വികസനഫണ്ടിൽ നിന്നും വകയിരുത്തിയ 650000 രൂപ ബിൽ നം.21081252005400805167/20.12.21 മുഖേന പൂർണ്ണമായും ചെലവഴിച്ചിട്ടുണ്ട്. ആകെ 5 സ്വയം തൊഴിൽ സംരംഭങ്ങൾക്കാണ് ടി തുക ചെലവഴിച്ചിട്ടുള്ളത്. ചെലവഴിച്ച തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | തൊഴിൽ സംരഭത്തിന്റെ പേര് | നൽകിയ തുക | നാളിതുവരെ തിരികെ ഒടുക്കിയ തുക | ഒടുക്കുവാനവശേഷിക്കുന്ന തുക |
|---|---|---|---|---|
| 1 | അമൃതം സോപ് പ്രൊഡക്ഷൻസ് | 125000 | 15000 | 110000 |
| 2 | വീണാസ് ടെയ്‌ലറിംഗ് യൂണിറ്റ് | 200000 | 30000 | 170000 |
| 3 | നവജീവൻ ടെയ്‌ലറിംഗ് യൂണിറ്റ് | 50000 | 8750 | 41250 |
| 4 | നിയ ടെക്സ്റ്റയിൽസ് | 75000 | 15000 | 60000 |
| 5 | യൂണിറ്റി ടെയ്‌ലറിംഗ് യൂണിറ്റ് | 200000 | 30000 | 170000 |
| | ആകെ | 650000 | 98750 | 551250 |

നിലവിൽ 551250 രൂപ ടി സംരംഭങ്ങൾ തിരികെ ഒടുക്കുവാനവശേഷിക്കുന്നു. സ്വയം തൊഴിൽ സംരംഭങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനായി നൽകിയ റിവോൾവിംഗ് ഫണ്ടുകൾ പ്രത്യേകം രജിസ്റ്ററിൽ രേഖപ്പെടുത്തി തുക കൃത്യമായി തിരികെ അടയ്ക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

## 1-27 പാറമ്പുഴ എഫ്.എച്ച് സി-യിലെ സോളാർപാനൽ നാളിതുവരെ പ്രവർത്തനക്ഷമമായിട്ടില്ല

നിർവ്വഹണോദ്യോഗസ്ഥൻ-സെക്രട്ടറി

| | |
|---|---|
| പ്രോജക്ട് | 192/22 |
| അടങ്കൽ | 493785 (തനതുഫണ്ട്)<br>30000 ( മെയി.ഗ്രാന്റ് നോൺ റോഡ്)<br>523785 |
| ചെലവ് | 49616 /-ചെക്ക് നം. 5118475/8-11-21<br>7076/- ( 5118471/3-11-21)<br>30000( ബിൽനം 115/1-11-21<br>86692 |

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |

ഗ്രാമപഞ്ചായത്ത് 2018-19 വാർഷികപദ്ധതിയിൽപ്പെടുത്തി പാറമ്പുഴ എഫ്.എച്ച്.സി-യിൽ 10.kv കപ്പാസിറ്റിയുള്ള ഓൺഗ്രിഡ് സോളാർ പവർ പ്ലാന്റ് സ്ഥാപിക്കുന്നതിന് 9,93,785/- രൂപ വകയിരുത്തി പ്രോജക്ട് ആവിഷ്കരിക്കുകയും 470000/-രൂപ ചെലവഴിച്ച് ഓൺഗ്രിഡ് സോളാർ പവർ പ്ലാന്റ് സ്ഥാപിക്കുകയും ചെയ്തിരുന്നു. സോളാർപാനൽ പ്രവർത്തനക്ഷമമാക്കുന്നതിന് ത്രീഫേസ് കണക്ഷൻ ലഭ്യമാക്കുന്നതിനും മീറ്റർ ബോക്സ് സ്ഥാപിക്കുക, പഴയ ക്യാന്റീൻ കെട്ടിടത്തിൽ വൈദ്യുതി ലഭ്യമാക്കുക, ഇതുമായി ബന്ധപ്പെട്ട മറ്റനുബന്ധച്ചെലവുകൾ എന്നിവയ്ക്കായി ഓഡിറ്റ് വർഷം സ്പിൽ ഓവർ പ്രോജക്ട് പ്രകാരം ആകെ 86692/-രൂപ ചെലവഴിച്ചിട്ടുണ്ട്.

സോളാർപാനൽ പ്രവർത്തക്ഷമമാക്കുന്നത് സംബന്ധിച്ച് കെ.എസ്.ഇ.ബി-യിൽ അന്വേഷിച്ചപ്പോൾ പഞ്ചായത്തിൽനിന്നും അപേക്ഷ ലഭിക്കുന്ന മുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കാമെന്ന് കെ.എസ്.ഇ.ബി അറിയിച്ചതായും ആയതിനാൽ അനന്തര നടപടികൾ സ്വീകരിക്കണമെന്നും അറിയിച്ചുകൊണ്ട് 7-3-21-ലെ 78/2021 നമ്പരായി മെഡിക്കൽ ഓഫീസർ പഞ്ചായത്തിന് കത്ത് നൽകിയിരുന്നു. തുടർന്ന് 29-4-21 ൽ ഇതേവിഷയം സംബന്ധിച്ച് വീണ്ടും കത്ത് നൽകിക്കാണുന്നു. ഇതിനെ തുടർന്ന് 3 ഫേസ് കണക്ഷൻ ലഭ്യമാകുന്നതിന് ആവശ്യമായ ഡിമാന്റ് തുക അറിയിക്കാൻ ആവശ്യപ്പെട്ട് ഗ്രാമപഞ്ചായത്ത് കെ.എസ്.ഇ.ബി.യോട് അപേക്ഷിക്കുകയും തുക അടവാക്കുകയും ചെയ്തു. എന്നാൽ പ്രാദേശികപരിശോധനയിൽ സോളാർ സംവിധാനം നിലവിലും പ്രവർത്തനക്ഷമമാക്കിയിട്ടില്ല എന്ന് ബോധ്യപ്പെട്ടു.



2018-19വർഷം വാർഷികപദ്ധതിപ്രകാരം പ്രാഥമികാരോഗ്യകേന്ദ്രത്തിൽ സ്ഥാപിക്കപ്പെട്ട സോളാർപവർ സംവിധാനം 3 വർഷമായിട്ടും പ്രവർത്തനക്ഷമമായിട്ടില്ലാത്ത സാഹചര്യം സംബന്ധിച്ച് രേഖാമൂലം വിശദീകരണം ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.31/29.11.22) മറുപടി നല്കിയില്ല.





എക്സിറ്റ് മീറ്ററിംഗിൽ വിഷയം ശ്രദ്ധയിൽപ്പെടുത്തിയതിനെ തുടർന്ന് അപാകത പരിഹരിക്കുന്നതിനുള്ള നടപടികൾ എത്രയും പെട്ടെന്ന് സ്വീകരിക്കുന്നതാണെന്ന് അറിയിച്ചു.

സാമാന്യം തിരക്കേറിയ എഫ്.എച്ച്സി-യ്ക്ക് ഏറ്റവും പ്രയോജനപ്പെടുമായിരുന്ന സോളാർസംവിധാനം സമയബന്ധിതമായി നടപടികൾ സ്വീകരിക്കുന്നതിലുണ്ടായ അനാസ്ഥയും കാലതാമസവും കാരണം നാളിതുവരെ പ്രയോജനപ്പെടുത്താൻ കഴിഞ്ഞിട്ടില്ല എന്നതും ഗൗരവമായി കാണേണ്ടതാണ്. മാത്രമല്ല സോളാർ പവർപ്ലാന്റ് സ്ഥാപിച്ചെങ്കിലും പ്രവർത്തിക്കാതിരുന്ന 3 വർഷസമയം കൊണ്ട് പാനലിന്റേയും അനുബന്ധ ഉപകരണങ്ങളുടേയും പ്രവർത്തനക്ഷമത കുറഞ്ഞുപോകാനുള്ള സാധ്യത നിലനിൽക്കുന്നതോടൊപ്പം വാറന്റി കാലയളവിനുള്ളിൽ പ്രവർത്തനക്ഷമമാക്കാതിരുന്നതിനാൽ ടി സേവനാനുകൂല്യം നഷ്ടപ്പെടുന്നതിനും ഇടയായി. മേൽ സാഹചര്യത്തിൽ സോളാർസംവിധാനം പ്രവർത്തനക്ഷമമാക്കുന്നതിനുള്ള നടപടികൾ അടിയന്തിരമായി സ്വീകരിക്കേണ്ടതാണ്.

### 1-28 തെരുവുവിളക്ക് ലൈൻ ദീർഘിപ്പിക്കലും പോസ്റ്റ് ഷിഫ്റ്റിംഗും - പൂർത്തീകരണവിവരങ്ങൾ ലഭ്യമായിട്ടില്ല.

ഗ്രാമപഞ്ചായത്തിന്റെ വിവിധ വാർഡുകളിൽ ഇലക്ട്രിക് പോസ്റ്റുകൾ മാറ്റി സ്ഥാപിക്കുന്നതിനും ലൈൻ ദീർഘിപ്പിക്കുന്നതിനുമായി സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി 1,42,435/- രൂപ (പ്രോജക്ട് നം. 235/22) ചെലവഴിച്ചിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഡെപ്പോസിറ്റ് തുക | തുക അടവാക്കിയ ഇലക്ട്രിക് സെക്ഷൻ | ആകെ തുക | ബിൽ നം. | പ്രവൃത്തി |
|---|---|---|---|---|
| 22179/- | കെ.എസ്.ഇ.ബി മണർകാട് | 27409 | 114/1-11-21 | വാർഡ് 18- പോസ്റ്റ് ഷിഫ്റ്റിംഗ് |
| 5230/- | കോട്ടയം ഈസ്റ്റ് | | | വാർഡ് -4 ,, |
| 48852/- | ,, | 48852 | 142/17-11-21 | വാർഡ് 1-ൽ ലൈൻവലിക്കൽ, പോസ്റ്റ് ഷിഫ്റ്റിംഗ് |
| 7900/- | കെ.എസ്.ഇ.ബി മണർകാട് | 7900/- | 155/20-11-21 | വാർഡ് 5 പോസ്റ്റ് ഷിഫ്റ്റിംഗ് |
| 570274/- | ,, | 58274 | 160/24-11-21 | വാർഡ് - 17 സ്ട്രീറ്റ്മെയിൻ |
| 1250/- | ,, | | 5118483/6-12-21 | ,, |
| | ആകെ | 142435/- | | |

കരാർ വയ്ക്കണമെന്നാവശ്യപ്പെട്ട് 14-12-21ൽ രണ്ട് ഇലക്ട്രിക് സെക്ഷനുകൾക്കും കത്ത് നൽകിയിട്ടുണ്ടെങ്കിലും കരാർ വച്ചിട്ടില്ല. പ്രവൃത്തികളുടെ പൂർത്തീകരണവിവരങ്ങൾ ലഭ്യമായിട്ടില്ല. മേൽ സാഹചര്യത്തിൽ 142435/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. കെ.എസ്.ഇ.ബി-യുമായി

കരാറിലേർപ്പെടേണ്ടതും പ്രവൃത്തികൾ പൂർത്തീകരിച്ച് വിനിയോഗവിശദാംശങ്ങൾ ലഭ്യമാകുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

1-29 കെ എസ് ഇ ബി യിൽ ഡെപ്പോസിറ്റ് - പ്രവൃത്തികളുടെ പൂർത്തീകരണ വിവരം ലഭ്യമായില്ല.

സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി തനത് ഫണ്ടിൽ നിന്നും കെഎസ്ഇബിയിൽ ഡെപ്പോസിറ്റ് ചെയ്ത തുകകൾ ഉപയോഗിച്ചുള്ള ചുവടെ ചേർക്കുന്ന പ്രവൃത്തികളുടെ പൂർത്തീകരണ വിവരം ലഭ്യമായിട്ടില്ല.

| വൗച്ചർ നം/ തീയതി | റിമാർക്സ് | ആകെ തുക | ചെക്ക് നം/ തീയതി | സെക്ഷൻ |
|---|---|---|---|---|
| 131-06/21-22 /18-06-21 | ചൂരവേലിക്കുന്ന് - പുലയാപറമ്പ് റോഡ് പോസ്റ്റ് ഷിഫ്റ്റിംഗ് - 7046 രൂപ ആനത്താനം- ചൂരവേലിക്കുന്ന് പോസ്റ്റ് ഷിഫ്റ്റിംഗ് - 22628 രൂപ | 29674 | 488286/18.06.21 | എ.ഇ. , കെഎസ്ഇബി പുതുപ്പള്ളി |
| 13-08/21-22 /02.08.21 | ഗവ.എച്ച് എസ് പാറമ്പുഴ പുതിയകെട്ടിടം - സിംഗിൾ ഫേസ് കണക്ഷൻ | 8132 | 488334/02.08.21 | എ.ഇ. , കെഎസ്ഇബി കോട്ടയം ഈസ്റ്റ് |
| | ആകെ | 37806 | | |

ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി (06/28.11.12)യ്ക്ക് പൂർത്തീകരണ സാക്ഷ്യപത്രം ലഭ്യമാക്കുന്നതാണ് എന്ന മറുപടി നൽകി. പൂർത്തീകരണ വിവരം ലഭ്യമാകുന്നതുവരെ 37806/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

1-30 പാർട്ട് ബിൽ കൈപ്പറ്റിയതിനുശേഷം പ്രവൃത്തി പൂർത്തീകരിച്ചില്ല.

| | |
|---|---|
| പ്രോജക്ട് | 215/18 അങ്കണവാടി നം. 37-ൽ സാംസ്കാരിക നിലയ നിർമ്മാണം |
| അടങ്കൽ | 700000/- (തനതുഫണ്ട്) |
| ചെലവ് | 384895/- |
| ചെക്ക് നമ്പർ | 14934/23-3-18 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് എഞ്ചിനീയർ |

3-ാം വാർഡിൽ ഉൾപ്പെടുന്ന 37-ാം നമ്പർ അങ്കണവാടി കെട്ടിടം 2015-16 വർഷം എം.എൽ.എ.ഫണ്ട് വിനിയോഗിച്ച് പി.ഡബ്ലിയു.ഡി പണികഴിപ്പിച്ച് പഞ്ചായത്തിന് കൈമാറി നൽകിയിരുന്നതാണ്. ടി കെട്ടിടത്തിന്റെ മുകൾനിലയിൽ ഒരു സാംസ്കാരിക നിലയം പണികഴിപ്പിക്കുന്നതിനുവേണ്ടിയാണ് മേൽ

പ്രോജക്ട് ആവിഷ്കരിച്ചത്. ജി.ഐ സ്ക്വയർപൈപ്പ് ഉപയോഗിച്ച് കാലുനാട്ടി അതിനുമുകളിൽ ട്രസ്സ് വർക്ക് ചെയ്ത് ജിഐ ഷീറ്റ് വിരിച്ച് സുരക്ഷിതമാക്കുന്നതിനും ഒരുവശം പൂർണ്ണമായും സോളിഡ് ബ്ലോക്ക് ഉപയോഗിച്ച് കെട്ടി അടയ്ക്കുന്നതിനും മറ്റുഭാഗങ്ങൾ ഭാഗികമായി കെട്ടി അടച്ച് ജി.ഐ മെഷ് സ്ഥാപിക്കുക, ഒന്നാംനിലയിലേക്ക് സ്റ്റെയർകേസ് നിർമ്മിക്കുക, താഴത്തെ അങ്കണവാടി മുറ്റത്തുള്ള കളി ഉപകരണങ്ങൾ മഴ നനയാതെ സൂക്ഷിക്കുന്നതിന് മുകൾനിലയിലെ റൂഫ് ലെവലിൽ ജി.ഐ ഷീറ്റ്കൊണ്ട് റൂഫിംഗ് എന്നീ പ്രവൃത്തി ഇനങ്ങളാണ് എസ്റ്റിമേറ്റിലുൾപ്പെടുത്തിയിരുന്നത്. അളവുപുസ്തകം പരിശോധിച്ചതിൽ എസ്റ്റിമേറ്റ് പ്രകാരമുള്ള പ്രവൃത്തി ഇനങ്ങൾ പൂർണ്ണമായും നടപ്പാക്കിയിട്ടില്ല എന്ന് കാണുന്നു.

ഒന്നാം പാർട്ട്ബിൽ പ്രകാരം പ്രവൃത്തിമൂല്യം 437381/- രൂപയെന്ന് കണക്കാക്കി നിയമാനുസൃത റിക്കവറികളും 10% റിടെൻഷനും കിഴിച്ച് 3,84,895/- രൂപ കരാറുകാരന് നൽകുകയും ചെയ്തു. എന്നാൽ ബാക്കി പ്രവൃത്തികൾ കരാറുകാരൻ നടപ്പാക്കിയിട്ടില്ല. ആയതിനാൽ 19-20 മുതൽ ഓഡിറ്റ് വർഷം വരേയും പ്രോജക്ട് സ്പിൽ ഓവറായി തുടരുകയാണ്. എസ്റ്റിമേറ്റ് പ്രകാരമുള്ള ബാക്കി പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിന് പലതവണ കരാറുകാരനെ ഫോൺമുഖേന അറിയിച്ചെങ്കിലും പ്രതികരിക്കാതിരുന്നതിനാൽ കാരണം ബോധിപ്പിക്കണമെന്നറിയിച്ച് 18-5-20-ൽ കരാറുകാരന് രേഖാമൂലം അറിയിപ്പ് നൽകിയിട്ടുണ്ട്. (അസിസ്റ്റന്റ് എൻജിനീയറുടെ 18-5-20ലെ കത്ത്.) എന്നാൽ ഇക്കാര്യത്തിൽ തുടർന്ന് യാതൊരു നടപടികളും ഉണ്ടായിട്ടില്ല.

കരാർ വച്ചതിനുശേഷം പ്രവൃത്തി പൂർത്തീകരിക്കാത്ത കരാറുകാരനെതിരെ നിയമാനുസൃത നടപടികൾ സ്വീകരിക്കേണ്ടതും പ്രോജക്ട് പൂർത്തീകരിച്ച് കെട്ടിടം പ്രയോജനപ്പെടുത്തുന്നതിനുള്ള തുടർനടപടികൾ സ്വീകരിക്കേണ്ടതുമാണ്. ഇക്കാര്യത്തിലേക്ക് ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

1-31 കുന്നംപള്ളി-വെമ്പിൻകുളങ്ങര റോഡ് പുനരുദ്ധാരണം -പ്രോജക്ട് ലക്ഷ്യം കൈവരിച്ചിട്ടില്ല

| | |
|---|---|
| പ്രോജക്ട് | 280/22 കുന്നംപള്ളി-<br>വെമ്പിൻകുളങ്ങര റോഡ് |
| അടങ്കൽ | 395000/- (സി.എഫ്.സി.ഗ്രാന്റ് )<br>605000/- (തനതുഫണ്ട്)<br>1000000/- |
| ചെലവ് | 395000/-<br>600760/- (ചെക്ക് നമ്പർ<br>995760/- 22206/24-3-22) |
| കരാറുകാരൻ | മാണികുരുവിള |

മേൽ പ്രോജക്ട് പ്രകാരം വാർഡ് 19-ൽ കുന്നംപള്ളി-വെമ്പിൻകുളങ്ങര റോഡ് പുനരുദ്ധാരണത്തിന്റെ ഭാഗമായി നിലവിലുള്ള ടാർ റോഡ് 217 മീ. നീളത്തിൽ മണ്ണിട്ടുയർത്തി ടാർ ചെയ്യുന്നതിനും 48മീ. നീളം R.Rmasonary, 16മീ നീളത്തിൽ നിലവിലുള്ള കൽക്കെട്ടിനുമുകളിൽ അരമീറ്റർ പൊക്കത്തിൽ വീണ്ടും R.Rmasonary ചെയ്യുന്നതിനുമാണ് എസ്റ്റിമേറ്റ് തയ്യാറാക്കിയിരുന്നത്. പ്രവൃത്തി നടന്നുവരവെ, റോഡ് സൈഡിൽ താമസക്കാരായ മഞ്ജുശിവകുമാർ, റജിമോൻ എന്നിവർ റോഡ് ഉയർത്തുന്നതിന് തടസ്സം ഉന്നയിക്കുകയും പഞ്ചായത്ത് സെക്രട്ടറി, പ്രസിഡന്റ്, അസിസ്റ്റന്റ് എൻജിനീയർ എന്നിവർക്കെതിരെ മുഖ്യമന്ത്രിക്കും മനുഷ്യാവകാശകമ്മീഷനും ഉൾപ്പെടെ പരാതി നൽകിയതായും കാണുന്നു. മഴ പെയ്യുമ്പോൾ വെള്ളം ഒഴുകിപ്പോകുന്നതിന് ഓടയില്ലാത്തിനാലും പരാതിക്കാരുടെ വീടുകൾ റോഡിനേക്കാൾ താണനിരപ്പിലായതിനാലും നിലവിലെ അവസ്ഥയിൽ മഴ പെയ്യുമ്പോൾ 6അടി പൊക്കത്തിൽ വെള്ളം കയറുന്ന സാഹചര്യമാണുള്ളതെന്നും റോഡ് ഇനിയും ഉയർത്തിയാൽ കൂടുതൽ ബുദ്ധിമുട്ട് ഉണ്ടാകുമെന്നതുമാണ് പരാതിക്കടിസ്ഥാനം. ആയതിനാൽ വെള്ളം ഒഴുകിപ്പോകുന്നതിനുള്ള ഓട നിർമ്മിച്ചുകൊണ്ടുമാത്രം റോഡ് ഉയർത്തുന്ന കാര്യം പരിഗണിക്കണമെന്നാണ് ഇവർ

ആവശ്യപ്പെടുന്നത്. ഈ വിഷയവുമായി ബന്ധപ്പെട്ട് പഞ്ചായത്ത് ഡയറക്ടർ റിപ്പോർട്ട് ആവശ്യപ്പെട്ടതിനെതുടർന്ന്, മഴക്കാലത്ത് വെള്ളം കയറി ഗതാഗതം തടസ്സപ്പെടുന്നത് ഒഴിവാക്കുന്നതിന് സ്ഥലവാസികളുടേയും വാർഡ് മെമ്പറുടേയും ആവശ്യപ്രകാരമാണ് നിലവിലെ പൊട്ടിപ്പൊളിഞ്ഞ ടാർ റോഡ് ഇയർത്തി ടാറിംഗ് നടത്താൻ പദ്ധതി ആവിഷ്കരിച്ചതെന്നും, ഫണ്ടിന്റെ അഭാവം മൂലം 217 മീ മാത്രമേ ഉൾപ്പെടുത്താൻ കഴിഞ്ഞിട്ടുള്ളൂവെന്നും ബാക്കിയുള്ള ഭാഗം തൊട്ടടുത്ത വാർഷികപദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പാക്കുന്നതൊടൊപ്പം പരാതിക്കാരുടെ വീടിന്റെ മുൻവശത്തുള്ള വെള്ളം ഒഴുകിപ്പോകുന്നതിനുള്ള താൽക്കാലിക സംവിധാനം നിലവിലെ പദ്ധതി പൂർത്തീകരിക്കുന്നതോടൊപ്പം നടത്തുന്നതാണെന്നും നിർവ്വഹണോദ്യോഗസ്ഥ വിശദീകരണം നൽകിയിരുന്നതായും ഫയലിൽനിന്നും വ്യക്തമാകുന്നു. എന്നാൽ പ്രവൃത്തി നടപ്പാക്കിയപ്പോൾ പരാതിക്കാരുടെ വീടിന്റെ ഭാഗം ഒഴിവാക്കി 191 മീറ്റർ നീളത്തിൽ മാത്രമേ നടപ്പാക്കിയിട്ടുള്ളൂ. മാത്രമല്ല അടുത്ത പദ്ധതിയിൽ പ്രോജക്ട് ഉൾപ്പെടുത്തിയിട്ടുമില്ല. വെള്ളം ഒഴുകിപ്പോകുന്നതിനുള്ള താൽക്കാലിക സംവിധാനം ഏർപ്പെടുത്തിയതായും കാണുന്നില്ല.

മേൽ വിഷയത്തിൽ വിശദീകരണം ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നൽകിയിരുന്നതിന് (നം-19/29.11.2022) ലഭ്യമാക്കിയ മറുപടിയിൽ തുടർന്നുവരുന്ന പദ്ധതിയിൽ വെള്ളക്കെട്ട് ഒഴിവാക്കുന്നതിന് ഓട ഉൾപ്പെടെയുള്ള പ്രൊവിഷൻ എസ്റ്റിമേറ്റിലുൾപ്പെടുത്തി പ്രോജക്ട് ആവിഷ്കരിച്ച് നടപ്പാക്കുന്നതാണെന്ന് അസിസ്റ്റന്റ് എൻജിനീയർ വിശദീകരണം നൽകിയിട്ടുണ്ട്.

ആസ്തിരജിസ്റ്റർ പ്രകാരം റോഡിന് 695 മീറ്റർ നീളവും 4 മീറ്റർ വീതിയും കാര്യേജ് വഴിക്ക് 3 മീറ്റർ വീതിയും ഉള്ളതാണ്. സ്ഥലപരിശോധനയിൽ പരാതിക്കാരന്റെ വീടിന്റെ ഭാഗത്തിനു തൊട്ടുമുൻപുവരെ (191മീറ്റർ) ഏകദേശം രണ്ടടിയോളം ഉയർത്തി റോഡ് ടാർ ചെയ്തിട്ടുള്ളതായും കാണുന്നു. വീടിനുമുൻഭാഗത്ത് താണ റോഡിൽ മഴവെള്ളം ഒഴുകിപ്പോകാതെ കെട്ടിനിൽക്കുന്നതായും കണ്ടു. മഴക്കാലത്ത് വെള്ളക്കെട്ടുണ്ടാകുന്ന ടി പ്രദേശത്ത് ഭൂരിഭാഗം വീടുകളും റോഡ്നിരപ്പിനേക്കാൾ താണതാകയാൽ മഴവെള്ളം ഒഴുകിപ്പോകുന്നതിനുള്ള ഡ്രയിനേജ് സൗകര്യമില്ലാത്തതിനാൽ വീടുകൾക്കകത്ത് കൂടുതൽ അളവിൽ വെള്ളം കയറുന്നതിനും റോഡിന്റെ താണഭാഗത്ത് വെള്ളം കെട്ടിക്കിടന്ന് ഗതാഗതത്തിന് തടസ്സമാവുന്നതും കൂടാതെ ആരോഗ്യപ്രശ്നങ്ങൾക്കിടയാക്കുകയും ചെയ്യുന്നതാണ്. ആയതിനാൽ പ്രസ്തുത റോഡിന്റെ ബാക്കിയുള്ള 504 മീറ്റർ വരുന്ന ഭാഗം (695-191) നിലവിൽ ഉയർത്തിയ അതേ ലവലിൽ ഉയർത്തി ടാർ ചെയ്യുന്നതിനും വെള്ളം ഒഴുകിപ്പോകുന്നതിന് പര്യാപ്തമായ തരത്തിൽ ഡ്രയിനേജ് നിർമ്മിക്കുന്നതിനും കവർസ്ലാബിട്ട് സുരക്ഷിതമാക്കുന്നതിനും ആവശ്യമായ പ്രവൃത്തി ഇനങ്ങൾ ഉൾപ്പെടുത്തി സമഗ്രമായ എസ്റ്റിമേറ്റ് തയ്യാറാക്കേണ്ടതായിട്ടുണ്ട്. ഇതിനാവശ്യമായ ഫണ്ട് വകയിരുത്തി അടുത്തവാർഷികപദ്ധതിയിൽ പ്രോജക്ട് ആവിഷ്കരിച്ച് നടപ്പാക്കുന്നതിലേക്കായി പഞ്ചായത്ത് ഭരണസമിതിയുടേയും ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റിയുടേയും ശ്രദ്ധയും ഇടപെടലും ഉണ്ടാകേണ്ടതാണ്.

1-32 പി.എച്ച്.സി സബ് സെന്റർ അടിസ്ഥാന സൗകര്യം വർദ്ധിപ്പിക്കൽ -നടപടിക്രമങ്ങൾ പാലിച്ചില്ല.

സെക്രട്ടറി നിർവഹണ ഉദ്യോഗസ്ഥനായ പ്രോജക്ട് നം.362/22, പി.എച്ച്.സി സബ് സെന്റർ അടിസ്ഥാന സൗകര്യം വർദ്ധിപ്പിക്കൽ എന്ന പ്രോജക്ട് പ്രകാരം 24-03-2022 ലെ സിഡ്കോ സെയിൽസ് എംപോറിയം, കൊല്ലത്തിന്റെ ടാക്സ് ഇൻവോയ്സ് (KLM/21-22/297 തീയതി 24-03-2022) ന്റെ അടിസ്ഥാനത്തിൽ 349351/-രൂപ റോഡിതര മെയിന്റനൻസ് ഗ്രാന്റിൽ നിന്ന് ചെലവഴിച്ചിട്ടുണ്ട്.

22-06-2018ലെ തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 1696/2018 ഉത്തരവ് പ്രകാരമുള്ള സിഡ്കോയുടെ ചെറുകിട യൂണിറ്റുകളിൽ ഉല്പാദിപ്പിക്കുന്ന ഉല്പന്നങ്ങൾ സർക്കാർ/സർക്കാരിതര സ്ഥാപനങ്ങളിൽ വാങ്ങുന്നതിനും ഫർണിഷിംഗ് പ്രവൃത്തികൾ ഏറ്റെടുത്ത് നടത്തുന്നതിനും സിഡ്കോയെ നോഡൽ ഏജൻസിയായി നിശ്ചയിച്ച സർക്കാർ ഉത്തരവ് പ്രകാരമാണ് പ്രവൃത്തി നടത്തിയത്. ക്യാബിൻ തിരിക്കലുൾപ്പെടെ ഫർഷിഷിംഗ് പ്രവൃത്തികൾ, ലൈറ്റ്, ഫാൻ ഫിറ്റിംഗുകൾക്കായുള്ള ഇലക്ട്രിഫിക്കേഷൻ

പ്രവൃത്തികൾ എന്നിവയാണ് നടപ്പാക്കിയിട്ടുള്ളത്.

എന്നാൽ പ്രവൃത്തിയുടെ എസ്റ്റിമേറ്റ്, സാങ്കേതികാനുമതി രേഖകൾ എന്നിവ ഫയലിൽ സൂക്ഷിച്ചിട്ടില്ല. അളവുപുസ്തകമുൾപ്പെടെ രേഖകൾ ഇല്ല.

പ്രവൃത്തിയുടെ അളവ് പരിശോധിച്ചുറപ്പാക്കിയിട്ടില്ല. കൂടാതെ ടാക്സ് ഇൻവോയ്സ് KLM/21-22/297 തീയതി 24-03-2022 ന്റെ അടിസ്ഥാനത്തിൽ 349351/രൂപ റോഡിതര മെയിന്റനൻസ് ഗ്രാന്റിൽ നിന്ന് ട്രഷറി ബിൽ നം.21081252000401463671 25-03-22 പ്രകാരം സിഡ്കോയ്ക്ക് അനുവദിക്കുമ്പോൾ ബിൽ തുകയായ 296060/- (ജി.എസ്.ടി ഒഴിച്ചുള്ള) ൽ നിന്ന് ഈടാക്കേണ്ടിയിരുന്ന ജി.എസ്.ടി 2% 5921/-, ആദായനികുതി 1% 2961/- എന്നിവ ഈടാക്കിയില്ല.

ഇപ്രകാരം മതിയായ രേഖകൾ ഇല്ലാതെയും നടപടിക്രമങ്ങൾ പാലിക്കാതെയും നിയമാനുസൃത കിഴിവുകൾ വരുത്താതെയും തുക അനുവദിച്ചത് സംബന്ധിച്ച വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറി നം.14/29.11.2022-ന് മറുപടി ലഭിച്ചില്ല. ആയതിനാൽ പ്രോജക്ടിനായുള്ള 349351/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-33 വെള്ളക്കരം - ഡിമാന്റ് നോട്ടീസ് പ്രകാരം കുടിശ്ശിക നിലനിൽക്കുന്നു

തെരുവുടാപ്പുകളുടെ വെള്ളക്കരമിനത്തിൽ ടാപ്പൊന്നിന് 459.42 രൂപ പ്രകാരം ആകെ 126 സ്ട്രീറ്റ് ടാപ്പുകളുടെ തുകയായ 57,887/- രൂപയാണ് ഓരോ മാസവും ഗ്രാമപഞ്ചായത്ത് അടവാക്കിപ്പോരുന്നത് (പ്രോജക്ട് -7/22 ). വാട്ടർ അതോറിറ്റിയുടെ 5/21 ലെ ഡിമാന്റ് നോട്ടീസ് പരിശോധിച്ചതിൽ 30-4-21 തീയതിയിൽ 92,088/-രൂപ കുടിശ്ശിക ഉള്ളതായി കാണുന്നു. ഓരോ മാസവും അതാതുമാസത്തെ ഡിമാന്റ് തുക പഞ്ചായത്ത് കൃത്യമായി അടവാക്കിപ്പോരുന്നുണ്ടെങ്കിലും കുടിശ്ശിക തുകയും കുടിശ്ശികയിന്മേലുള്ള ഫൈൻ തുകയും അടവാക്കുന്നില്ല. 2022 ഒക്ടോബർ മാസത്തെ ഡിമാന്റ് നോട്ടീസ് പ്രകാരം 30-9-22 ആയപ്പോഴേക്കും കുടിശ്ശിക 1,31,892/- രൂപയായി വർദ്ധിച്ചിട്ടുണ്ട്. കൂടാതെ 2022 മാർച്ചിൽ തൻമാസത്തെ ഡിമാന്റ് തുക 57,887/- ആണെന്നിരിക്കെ 4/22 മുതൽ ഡിമാന്റ് തുക 60,774/-രൂപയായി വർദ്ധിച്ചിട്ടുള്ളതായും കാണുന്നു. പ്രതിമാസ ഡിമാന്റ് തുകയിൽ 2887/- രൂപയുടെ വർദ്ധനവ് എപ്രകാരമെന്നും വാട്ടർ അതോറിറ്റിയുടെ ഡിമാന്റ് നോട്ടീസ് പ്രകാരമുള്ള കുടിശ്ശിക ഏത് കാലയളവിലെ ആണെന്നും ഡിമാന്റ് നോട്ടീസിലോ ബന്ധപ്പെട്ട ഫയലിലോ വ്യക്തമാക്കിയിട്ടില്ല.

ഗ്രാമപഞ്ചായത്ത് കുടിശ്ശിക തുക അടവാക്കാതിരിക്കുന്നതിന്റെ കാരണം, കുടിശ്ശിക ഡിമാന്റ് ഏത് കാലയളവിലെതാണെന്ന വിവരം, പ്രവർത്തനക്ഷമമായ ടാപ്പുകളുടെ എണ്ണം 126 എന്ന് നിജപ്പെടുത്തിക്കൊണ്ടുള്ള സംയുക്തപരിശോധനാറിപ്പോർട്ട് മുതലായ വിവരങ്ങൾ രേഖാമൂലം ഹാജരാക്കാൻ ആവശ്യപ്പെട്ടെങ്കിലും (എൻക്വയറി നമ്പർ 11/28.11.2022) മറുപടി ലഭ്യമായില്ല. വാട്ടർ അതോറിറ്റിയുമായി ബന്ധപ്പെട്ട് കുടിശ്ശിക തുകയിൽ വ്യക്തത വരുത്തേണ്ടതാണ്. വാട്ടർ അതോറിറ്റിയുടെ ഡിമാന്റ് നോട്ടീസ് പ്രകാരമുള്ള കുടിശ്ശിക തുകയുടെ കൃത്യത ഉറപ്പുവരുത്തിയതിനുശേഷം ആയത് അടവാക്കേണ്ടതും വെള്ളക്കരം ഇനത്തിലുള്ള ബാധ്യത വർദ്ധിച്ചുകൊണ്ടിരിക്കുന്ന സാഹചര്യം ഒഴിവാക്കേണ്ടതുമാണ്.

## 1-34 വിവിധ കുടിവെള്ള പദ്ധതികൾ- പൂർത്തീകരണവിവരവും നിക്ഷേപത്തുകയുടെ വിനിയോഗവിവരവും ലഭ്യമായിട്ടില്ല

2021-22 വാർഷികപദ്ധതിയിൽപ്പെടുത്തി സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി ഗ്രാമപഞ്ചായത്തിലെ വിവിധ കുടിവെള്ള പദ്ധതികളുമായി ബന്ധപ്പെട്ട പ്രവൃത്തികൾക്കായി പ്രോജക്ട് പ്രകാരം ഭൂജലവകുപ്പിന്റെ എസ്റ്റിമേറ്റ് പ്രകാരമുള്ള തുക വകുപ്പിന് കൈമാറി നൽകിയിരുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രോജക്ട് | കൈമാറിയതുക | ഫണ്ട് | ബിൽനമ്പർ |
|---|---|---|---|
| 368/22 വലിയപാറ കുടിവെള്ളപദ്ധതി | 400000/- | ധനകാര്യക്കമ്മീഷൻ-ടൈഡ്ഗ്രാന്റ് | 459/25-3-22 |

| | | | |
|---|---|---|---|
| 310/22 ചൂരവേലിക്കുന്ന് കുടിവെള്ളപദ്ധതി | 400000/- | „ | 107/22 /29-10-21 |
| 183/22 ശാന്തിഗ്രാം കുടിവെള്ള പദ്ധതി | 500000/- | „ | 246/18-1-22 |
| 181/22 ചൂരവേലിക്കുന്ന് കുടിവെള്ളപദ്ദതി പൂർത്തീകരണം | 300000/- | „ | 227/11-1-22 |
| 367/22 പഞ്ചായത്ത് ഓഫീസിൽ കുഴൽക്കിണർനിർമ്മാണം | 200000/- | „ | 454/25-3-22 |
| 180/22 മന്ദിരം കുടിവെള്ളപദ്ധതി | 150000/- | „ | 364/8-3-22 |
| ആകെ | 19,50,000/- | | |

ഓരോ പ്രോജക്ടിന്റെ ഭാഗമായും നിർവ്വഹണസ്ഥാപനവുമായി കരാറിലേർപ്പെട്ടിട്ടുണ്ട്. കരാറനുസരിച്ച് എസ്റ്റിമേറ്റ് പ്രകാരമുള്ള പ്രവൃത്തികൾ തുക നിക്ഷേപിച്ച് 3 മാസത്തിനകം പൂർത്തീകരിച്ച് വിനിയോഗസാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ് (കരാർ വ്യവസ്ഥ നം 7). എന്നാൽ പ്രവൃത്തികൾ പൂർത്തീകരിച്ചത് സംബന്ധിച്ചോ, കൈമാറിയ തുകകളുടെ വിനിയോഗം സംബന്ധിച്ചോ നിർവ്വഹണസ്ഥാപനത്തിന്റെ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല. കരാറിലെ 11-ാം വ്യവസ്ഥപ്രകാരം പ്രവൃത്തി തുടങ്ങുന്നത് സംബന്ധിച്ചും പുരോഗതി സംബന്ധിച്ചും തദ്ദേശഭരണസ്ഥാപനത്തെ അറിയിക്കാനുള്ള ബാധ്യത ഗ്രൗണ്ട് വാട്ടർ വകുപ്പ് ജില്ലാ ഓഫീസർക്കാണ്. ഭൂജലവകുപ്പിൽനിന്നും ഇപ്രകാരം ഒരറിയിപ്പ് ലഭ്യമായതായി കാണുന്നില്ല. കൂടാതെ പഞ്ചായത്ത് നിശ്ചയിക്കുന്ന ഒരു മോണിറ്ററിംഗ് സമിതി പ്രവൃത്തിയുടെ പുരോഗതി വിലയിരുത്തുന്നതാണെന്ന് കരാർവ്യവസ്ഥ 12-ൽ വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ പ്രോജക്ടിന്റെ നിർവ്വഹണപുരോഗതി വിലയിരുത്തി റിപ്പോർട്ട് ചെയ്തിട്ടില്ല. മേൽ അപാകതകളുടെ അടിസ്ഥാനത്തിൽ ഭൂജലവകുപ്പിന് കൈമാറിയിട്ടുള്ള 19,50,000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. മേൽ പ്രവൃത്തികൾ പൂർത്തീകരിച്ച് ലഭിക്കുന്നതിനാവശ്യമായ നടപടികൾ പഞ്ചായത്ത്തലത്തിൽ സ്വീകരിക്കേണ്ടതാണ്. പ്രവൃത്തികൾ പൂർത്തീകരിക്കുന്നമുറയ്ക്ക് പൂർത്തീകരണസാക്ഷ്യപത്രവും ചെലവുതുകയുടെ വിനിയോഗവിശദാംശങ്ങളും രേഖാമൂലം ഓഡിറ്റിന് ലഭ്യമാക്കേണ്ടതുമാണ്.

1-35 പൈപ്പ് ലൈൻ നീട്ടൽ- പ്രവൃത്തി പൂർത്തീകരിച്ച് വിനിയോഗവിശദാംങ്ങൾ ലഭ്യമായിട്ടില്ല.

| | |
|---|---|
| പ്രോജക്ട് | 179/22 പൈപ്പ് ലൈൻ നീട്ടൽ |
| അടങ്കൽ | 738500/-(സി.എഫ്.സി ടൈഡ് ഗ്രാന്റ്)<br>532500/-(സി.എഫ്.സി ടൈഡ് ഗ്രാന്റ്)<br>70000/- (വികസനഫണ്ട് ജനറൽ)<br>1341000/- |
| ചെലവ് | 440000/- (ബിൽനം- 312/18-2-22)<br>250000/- (373/10-3-22)<br>70000/- (65/10-3-22) |

| | |
|---|---|
| | 30000/- (440/24-3-22)<br>551000/- (322/22-2-22)<br>13,41,000/- |

ഗ്രാമപഞ്ചായത്തിന്റെ വിവിധ വാർഡുകളിൽ കുടിവെള്ള പൈപ്പ് ലൈൻ ദീർഘിപ്പിക്കുന്നതിനായി വാട്ടർ അതോറിറ്റിയുടെ എസ്റ്റിമേറ്റനുസരിച്ചുള്ള തുകകൾ പ്രോജക്ട് പ്രകാരം സ്ഥാപനത്തിന് കൈമാറി നൽകിയിട്ടുണ്ട്. 31-3-22-ൽ നിർവ്വഹണഏജൻസിയുമായി കരാറിലേർപ്പെടുകയും ചെയ്തു (നം.08A/21-22). ഫയലിൽ സൂക്ഷിച്ചിട്ടുള്ള പൂർത്തീകരണസാക്ഷ്യപത്രത്തിൽ 31-3-22 ൽ പ്രോജക്ട് പൂർത്തീകരിച്ചതായാണ് രേഖപ്പെടുത്തിയിട്ടുള്ളത്. എന്നാൽ പ്രവൃത്തികളുടെ പൂർത്തീകരണവിവരവും കൈമാറിയ തുകയുടെ വിനിയോഗവിവരങ്ങളും നിർവ്വഹണസ്ഥാപനത്തിൽനിന്നും ലഭ്യമായിട്ടില്ല പ്രവൃത്തികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| നിക്ഷേപതുക | ആകെ | ഫണ്ട് തരം | പ്രവൃത്തി നടത്തുന്ന വാർഡ്/സ്ഥലം | ബിൽ/;ചെക്ക് നം |
|---|---|---|---|---|
| 150000 | 440000/- | സി.എഫ്.സി ഗ്രാന്റ് | 4 | 312/18-2-22 |
| 40000 | | ,, | 5 | |
| 50000 | | ,, | 11 | |
| 200000 | | ,, | 12 | |
| 551000 | 551000 | ,, | 13 | 322/22-2-22 |
| 250000 | 350000 | ,, | മധുരംവേലി കുടിവെള്ളപദ്ധതി | 373/10-3-22 |
| 30000 | | ,, | ,, | 440/24-3-22 |
| 70000 | | വികസനഫണ്ട് (ജനറൽ) | ,, | 65/10-3-22 |
| ആകെ പ്രോജക്ട് ചെലവ് | 13,41000 | | | |

മേൽപ്രവൃത്തികളുടെ പൂർത്തീകരണവിവരങ്ങൾ രേഖാമൂലം ലഭ്യമാക്കുന്നതിലേക്കായി വിഷയം ശ്രദ്ധയിൽപ്പെടുത്തി ഓഡിറ്റ് എൻക്വയറി (നം.33/30.11.22) നൽകിയിരുന്നെങ്കിലും മറുപടി ലഭിച്ചില്ല. പ്രവൃത്തികൾ പൂർത്തീകരിച്ച് വിനിയോഗവിശദാംശങ്ങൾ ലഭ്യമായിട്ടില്ലാത്തതിനാൽ പ്രോജക്ട് പ്രകാരമുള്ള 13,41,000/- രൂപയുടെ ആകെ ചെലവ് തടസ്സപ്പെടുത്തുന്നു.

നിർവ്വഹണ സ്ഥാപനവുമായി ബന്ധപ്പെട്ട് പ്രവൃത്തികൾ പൂർത്തീകരിച്ച് വിനിയോഗവിവരങ്ങൾ ലഭ്യമാകുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-36 ബാരൽവിലയിന്മേലുള്ള ജി.എസ്.റ്റി അടവാക്കിയിട്ടില്ല

ഗ്രാമ പഞ്ചായത്തിൽ 21-22 വർഷം തനത് ഫണ്ട് വിനിയോഗിച്ച് നടപ്പാക്കിയ റോഡ് ടാറിംഗ്/റീടാറിംഗ് പ്രവൃത്തികളുടെ ബില്ലിൽ നിന്നും കാലി വീപ്പകളുടെ വിലയും ആയതിന്റെ 18% ജി.എസ്.റ്റി.യും ഉൾപ്പെടുന്ന തുക കരാറുകാരന്റെ ബില്ലിൽ കുറവ് ചെയ്ത് തനത് ഫണ്ടിൽ നിലനിർത്തിയിരിക്കുന്നു. 2021-22 വർഷം തനതുഫണ്ട് വിനിയോഗിച്ച് നടപ്പാക്കിയ എല്ലാ ടാറിംഗ് പ്രവൃത്തികളുടേയും ടാർ വീപ്പകളുടെ വിലയിന്മേൽ കണക്കാക്കുന്ന ജി.എസ്.റ്റി തുക ജി.എസ്.റ്റി വകുപ്പിലേക്ക് ഒടുക്കിയിട്ടില്ല. പ്രസ്തുത തുക

തനതുഫണ്ടിൽത്തന്നെ നിലനിൽക്കുന്നതായിട്ടാണ് കാണുന്നത്. ടി തുക ഒടുക്കിയിട്ടുണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.34/30.11.22) മറുപടി ലഭ്യമാക്കിയില്ല. തൻവർഷം നടപ്പാക്കിയ എല്ലാ റോഡ് ടാറിംഗ് പ്രവൃത്തികളുടേയും കാലിബാരലുകളുടെ വിലയിന്മേൽ കണക്കാക്കിയിട്ടുള്ള ജി.എസ്.റ്റി തുക തനത് ഫണ്ടിൽ ക്രഡിറ്റ് ചെയ്തിട്ടുള്ളത് നിശ്ചിത ശീർഷകത്തിൽ ബന്ധപ്പെട്ട വകുപ്പിൽ സമയബന്ധിതമായി ഒടുക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

1-37 ലൈഫ് ഭവനനിർമ്മാണം,എസ്.സി.പി-പൂർത്തീകരിച്ചില്ല.

വി ഇ ഒ നിർവ്വഹിച്ച എസ്.സി വിഭാഗം ഭവനനിർമ്മാണപ്രോജക്റ്റ്, നം.38/21-22 പ്രകാരം ഭവനനിർമ്മാണത്തിന് 14.03.2022ൽ ആദ്യ ഗഡു 40,000/- രൂപ കൈപ്പറ്റിയ മായാ രാജേന്ദ്രൻ, കാക്കനാട്ട് പുത്തൻ പറമ്പിൽ എന്നയാൾ (ബിൽ നം.38/21-22/14.03.2022) നാളിതുവരെ പ്രവൃത്തി പൂർത്തീകരിക്കുകയോ തുടർന്നുള്ള ഗഡുക്കൾ കൈപ്പറ്റുകയോ ചെയ്തിട്ടില്ല. ടിയാൾ ഭവനനിർമ്മാണം പൂർത്തീകരിക്കുന്നുവെന്ന് ഉറപ്പാക്കേണ്ടതാണ്.

1-38 മുൻകൂർ ക്രമീകരിച്ചതിന്റെ വിവരം ലഭ്യമാക്കിയില്ല.

തനത്ഫണ്ടിൽ നിന്നും ചെലവഴിച്ച ചുവടെ ചേർക്കുന്ന മുൻകൂർ തുകകൾ ക്രമീകരിച്ചിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ 30/29.11.2022 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി നൽകിയില്ല.

| വൗച്ചർ നം/ തീയതി | ചെലവിനം | തുക | ചെക്ക് നം/ തീയതി | റിമാർക്സ് |
|---|---|---|---|---|
| 73-05/17.05.21 | കോവിഡ് പ്രതിരോധ പ്രവർത്തനത്തിന് മെഡിക്കൽ ഓഫീസർ എഫ് എച്ച് സി യ്ക്ക് നല്കിയ തുക | 10,000 | 21816/17.05,21 | മുൻകൂർ ക്രമീകരിച്ചതിന്റെ വിവരം ലഭ്യമായില്ല |
| 43-03/08.03.22 | 12-ാം വാർഡ് എട്ടുപറ റോഡ് നിർമ്മാണോദ്ഘാടനത്തിന് ചെലവഴിച്ച തുക | 15000 | 501311/08.03.22 | ചെലവ് രേഖകൾ സൂക്ഷിച്ചിട്ടില്ല. |

ചെലവ് വിവരങ്ങൾ ലഭ്യമാകാത്ത സാഹചര്യത്തിൽ ചെലവഴിച്ച 25000/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. മുൻകൂറുകൾ 3 മാസത്തിനുള്ളിൽ ക്രമീകരിക്കുന്നില്ലായെങ്കിൽ ധനകാര്യ വകുപ്പിന്റെ 04.10.2011ലെ ഉത്തരവ് ജി.ഒ.(പി)നം.419/2011 അനുസരിച്ച് 18% പലിശ ഈടാക്കി മുൻകൂർ തുക തിരികെ ഈടാക്കേണ്ടതാണ്. മതിയായ നടപടികൾ സ്വീകരിച്ച് ഓഡിറ്റിൽ വിവരം അറിയിക്കേണ്ടതാണ്.

1-39 കോവിഡ് പ്രതിരോധപ്രവർത്തനങ്ങൾ

ഗ്രാമപഞ്ചായത്തിൽ 2021-22 വർഷം ക്രിസ്റ്റീൻ ധ്യാനകേന്ദ്രം കളത്തിപ്പടിയിൽ കോവിഡ് കെയർ സെന്റർ, ഡൊമിസിലിയറി കെയർ സെന്റർ എന്നിവ സജ്ജീകരിച്ചിരുന്നു. കോവിഡ് കെയർ സെന്റർ, ഡൊമിസിലിയറി കെയർ സെന്റർ എന്നിവയുടെ നടത്തിപ്പിനായി 2021-22 വർഷം ചുവടെ ചേർക്കും പ്രകാരം 2840145/- രൂപയും പ്രോജക്റ്റ് പ്രകാരം 1213165/- രൂപയും ഉൾപ്പെടെ 4053310/- രൂപ തനത്ഫണ്ടിൽ നിന്നും ചെലവഴിച്ചിട്ടുണ്ട്.

| | | |
|---|---|---|
| ഡിസിസി നടത്തിപ്പ് ചെലവ് | 20,90,205 രൂപ | 06.05.21 മുതൽ 04.11.21 വരെ |
| സിസിസി നടത്തിപ്പ് ചെലവ് | 7,49,940 രൂപ | 19.04.21 മുതൽ 26.08.21 വരെ |

സാമൂഹിക അടുക്കളയുടെ നടത്തിപ്പ് ചെലവുകൾ, മാസ്കുകൾ, ഗ്ലൗസുകൾ, കിറ്റുകൾ തുടങ്ങി കോവിഡ് പ്രതിരോധ പ്രവർത്തന സാമഗ്രികളുടെ വാങ്ങൽ, വിവിധ മേഖലയിലുള്ള ഭക്ഷണ വിതരണ ചെലവുകൾ, ശുചീകരണചെലവുകൾ എന്നിവയാണ് കോവിഡുമായി ബന്ധപ്പെട്ട് പഞ്ചായത്തിനുണ്ടായ പ്രധാന ചെലവുകൾ. കോട്ടയം ജില്ലാ കളക്ടറുടെ ഡിഎം1/6182/20/12.05.21ഉത്തരവ് പ്രകാരം കോവിഡ് കെയർ സെന്ററുകൾ പരിപാലിച്ചതിന് ഒരു ലക്ഷം രൂപയും 20/01/22 ലെ ഉത്തരവ് പ്രകാരം രണ്ട് ലക്ഷം രൂപയും ഉൾപ്പെടെ ആകെ മൂന്ന് ലക്ഷം രൂപ തിരികെ ലഭിച്ചിട്ടുണ്ട് (യഥാക്രമം 20/05/21, 24/02/22 തീയതികളിൽ അക്കൗണ്ടിൽ ക്രെഡിറ്റ് ആയി). കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടപ്പിലാക്കുന്നതിന് ഗ്രാമപഞ്ചായത്തിന് സാധിച്ചിരുന്നു.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി |
|---|---|
| 2021-22 | 26.11.2022 |

ഓഡിറ്റ് ചെയ്ത വാർഷിക ധനകാര്യപത്രികയിലെ ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ട്, റസീറ്റ് ആന്റ് പേയ്മെന്റ് അക്കൗണ്ട്, ബാലൻസ് ഷീറ്റ്, ഓഡിറ്റ് സർട്ടിഫിക്കറ്റ് എന്നിവ അനുബന്ധമായി ചേർത്തിരിക്കുന്നു.

### 4-2 സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നല്കിയ സ്ഥാപനം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാക്കി |
|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 348984 | ഭിന്ന ശേഷികരായ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് ബത്ത (പ്രൊജക്ട് | 348984 | 0 |

| | | | | |
|---|---|---|---|---|
| | | നം 3/22) | | |
| ആകെ | 348984 | | 348984 | 0 |
| ജില്ലാ പഞ്ചായത്ത് | 269633 | അങ്കണവാടി പോഷകാഹാരം (പ്രൊജക്ട് നം.2/22) | 269633 | 0 |
| ആകെ | 269633 | | 269633 | 0 |

## 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റ് | ചൂരവേലിക്കുന്ന് കുടിവെള്ള പദ്ധതി പൂർത്തീകരണം (310/22) | | 400000 | 0 | 400000 |
| | വലിയ പാറ കുടിവെള്ളപദ്ധതി(368/22) | | 400000 | 0 | 400000 |
| | വാർഡ് 16-ശാന്തിഗ്രാം കുടിവെള്ള പദ്ധതി(183/22) | | 500000 | 0 | 500000 |
| | വാർഡ് 12-ചൂരവേലിക്കുന്ന് കുടിവെള്ള പദ്ധതി(181/22) | | 300000 | 0 | 300000 |
| | പഞ്ചായത്ത് ഓഫീസ് കുഴൽക്കിണർ നിർമാണം(367/22) | | 200000 | 0 | 200000 |
| | വാർഡ് 8-മന്ദിരം കുടിവെള്ള പദ്ധതി (180/22) | | 150000 | 0 | 150000 |

| | | | | | |
|---|---|---|---|---|---|
| | പഞ്ചായത്തിലെ വിവിധ വാർഡുകളിൽ കുഴൽക്കിണർ നിർമാണം (240/22) | | 151000 | 0 | 151000 |
| കെഎസ്ഇബി | തെരുവുവിളക്ക് ലൈൻ ദീർഘിപ്പിക്കൽ പോസ്റ്റ് ഷിഫ്റ്റിംഗ് (235/22) | | 142435 | 0 | 142435 |
| | തെരുവുവിളക്ക് ലൈൻ ദീർഘിപ്പിക്കല് പോസ്റ്റ് ഷിഫ്റ്റിംഗ് (10/22) | | 1087706 | 1010706 | 77000 |
| കേരള വാട്ടർ അതോറിറ്റി | പുതിയ പൈപ്പ് ലൈൻ സ്ഥാപിക്കലും ദീർഘിപ്പിക്കലും (179/22) | | 1341000 | 0 | 1341000 |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ്

സാമ്പത്തിക വർഷം മൊബിലൈസേഷൻ അഡ്വാൻസ് ഇനത്തിൽ തുകയൊന്നും നൽകിയിട്ടില്ല.

## 4-5 വായ്പ/വായ്പ തിരിച്ചടവ്

ഇല്ല

## 4-6 സ്ഥിരനിക്ഷേപങ്ങൾ

നിക്ഷേപ സർട്ടിഫിക്കറ്റ് പ്രകാരമുള്ള 2021-22 വർഷത്തെ സ്ഥിരനിക്ഷേപ കണക്കുകളുടെ വിവരം ചുവടെ ചേർക്കുന്നു.

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 2.5 കോടി |
| തൻവർഷം നിക്ഷേപിച്ച തുക | ഇല്ല |
| ആകെ | 2.5 കോടി |
| തന്നാണ്ടിൽ പിൻവലിച്ച തുക | ഇല്ല |
| 31/03/2021-ൽ അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 2.5 കോടി |

31/03/2022 ലെ സ്ഥിരനിക്ഷേപ വിശദാംശം

| അക്കൗണ്ട് നം. | ബാങ്ക് | തുക |
|---|---|---|

| | | |
|---|---|---|
| 799010501930875 | സബ് ട്രഷറി, കോട്ടയം | 10000000 |
| 799010501930895 | സബ് ട്രഷറി, കോട്ടയം | 15000000 |
| | ആകെ | 25000000 |

കോട്ടയം സബ് ട്രഷറിയിൽ Term Deposit 2 എണ്ണം ആയിട്ടാണ് സ്ഥിരനിക്ഷേപം നടത്തിയിട്ടുള്ളത്. 2021-22 ൽ 11/02/2022 തീയതിയിൽ രണ്ട് സ്ഥിരനിക്ഷേപ അക്കൗണ്ടുകളിലുള്ള 2.5 കോടി രൂപ 5.9% ശതമാനം പലിശയിൽ 11/02/2023 വരെ കാലയളവിലേക്ക് വീണ്ടും Term Deposit ആയി നിക്ഷേപിച്ചു. സ്ഥിരനിക്ഷേപത്തിന്മേലുള്ള പലിശ 2021-22 വർഷം ലഭിച്ചത് 14,52,247/- രൂപയാണ്. (1 കോടി രൂപയുടെ സ്ഥിരനിക്ഷേപ പലിശയായി 8,71,348/- രൂപയും 1.5 കോടി രൂപയുടെ സ്ഥിര നിക്ഷേപ പലിശയായി 5,80,899/- രൂപയും ലഭിച്ചിട്ടുണ്ട്). ആയത് കോട്ടയം സബ് ട്രഷറിയിലെ 799010100214978 അക്കൗണ്ടിലാണ് സൂക്ഷിച്ചിട്ടുള്ളത്. 31.3.2022ൽ ഈ അക്കൗണ്ടിൽ 22,44,710/- രൂപ അവശേഷിക്കുന്നുണ്ട്.

## 4-7 ഓഡിറ്റ് റിക്കവറി

2021-22 വർഷം ഓഡിറ്റ് റിക്കവറി ഇനത്തിൽ പഞ്ചായത്ത് ഫണ്ടിൽ തുകകളൊന്നും ലഭിച്ചിട്ടില്ല

## 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

വിജയപുരം ഗ്രാമപഞ്ചായത്തിന്റെ മുൻവർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടുകളിൽ 1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2014-15<br>2015-16 | 2-2-1,2-2-8<br>2-4-1,2,3,4,5,6,7- | 2016-17 | അനുബന്ധം 3,5 | തൊഴിൽ നികുതി | ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ പരിഗണനയിലാണ് |
| 2014-15 | 2-3-1,2-3-2 | 2016-17 | അനുബന്ധം 4 | വസ്തുനികുതി | ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ പരിഗണനയിലാണ് |

## 4-9 ചാർജ്/സർചാർജ് നടപടികളിലൂടെ തുക ഈടാക്കിയതിന്റെ വിവരം

ഇല്ല

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് (മുന്നിരിപ്പ് ഉൾപ്പെടെ) | : | 170916021 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 126123644 |

| | | |
|---|---|---|
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 40,66,674 |

(ചെലവിനങ്ങളിലുള്ള നഷ്ടം, വരവിനങ്ങളിലുള്ള നഷ്ടം എന്നിവ ബി യിലേയും സി യിലേയും തുകയാണ്.)

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ചാർജ്/സർചാർജ് നടപടികൾക്ക് വിധേയമാക്കാവുന്ന വരവ്/ചെലവ് നഷ്ടം പ്രതിപാദിച്ചിട്ടില്ല.

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-20 | 93,285 | ഡോ.ഉമാദേവി, മെഡിക്കൽ ഓഫീസർ (ഹോമിയോ) |
| 1-22 | 39,797 | അനുമോൾ ജെ., കൃഷി ഓഫീസർ |
| 1-25 | 88,000 | ഡോ.അച്ചു തോമസ്, മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) |
| 1-28 | 1,42,435 | ശ്രീകാന്ത് ടി.ആർ., സെക്രട്ടറി |
| 1-29 | 37,806 | ശ്രീകാന്ത് ടി.ആർ., സെക്രട്ടറി |
| 1-32 | 3,49,351 | ശ്രീകാന്ത് ടി.ആർ., സെക്രട്ടറി |
| 1-34 | 19,50,000 | ശ്രീകാന്ത് ടി.ആർ., സെക്രട്ടറി |
| 1-35 | 13,41,000 | ശ്രീകാന്ത് ടി.ആർ., സെക്രട്ടറി |
| 1-38 | 25,000 | ശ്രീകാന്ത് ടി.ആർ., സെക്രട്ടറി |
| ആകെ | 40,66,674 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം/ചട്ടങ്ങൾ പ്രകാരം ചാർജ്/സർചാർജ് നടപടികൾക്ക് വിധേയമാക്കാവുന്ന വ്യക്തമായ നഷ്ടം പ്രതിപാദിച്ചിട്ടില്ല.

4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1990-91 &1991-92 | എൽ.എഫ്.കെ.പി3-809/95/ 05.01.1996 | - |

| | | |
|---|---|---|
| 1993-94, 1994-95,1995-96 | എൽ.എഫ്.കെ.പി12-1949(1)/2019 /13.07.2020 | 1 |
| 1998-99(ചെലവ്) | എൽ.എഫ്.കെ.പി11-730/അദാ/14/ 28.11.2014 | 4 |
| 1999-00(ചെലവ്) | കെ.എസ്.എ-കെ.ടി.എം.പി12 (അദാ-2018)-53(3)/18/ 19.02.2018 | 22 |
| 2000-01 & 2001-02(Plan) | എൽ.എഫ്.കെ.പി11-730/അദാ/14/ 07.01.2015 | 5 |
| 2007-08 | കെഎസ്എ കെടിഎംപി12-അദാ 22/1866(4)/26.8.22 | 1 |
| 2009-10 | കെഎസ്എ കെടിഎംപി12-അദാ 22/1866(6)/26.8.22 | 1 |
| 2010-11 | കെഎസ്എ കെടിഎംപി12-അദാ 22/1866(3)/26.8.22 | 3 |
| 2011-12 | എൽ.എഫ്.കെ.പി11-957/13/ 10.02.2014 | 19 |
| 2012-13 | കെഎസ്എ കെടിഎംപി12-അദാ 22/1866(8)/26.8.22 | 4 |
| 2013-14 | കെഎസ്എ കെടിഎംപി12-അദാ 22/1866(9)/26.8.22 | 2 |
| 2014-15 | കെഎസ്എ കെടിഎംപി12-അദാ 22/1866(10)/26.8.22 | 11 |
| 2015-16 | കെ.എസ്.എ-കെ.ടി.എം.പി12/ 1476/17/ 22.8.2017 | 21 |
| 2016-17 | കെ.എസ്.എ-കെ.ടി.എം.പി12- 1117/17/ 30.6.2022 | 10 |
| 2017-18 | കെഎസ്എ കെടിഎംപി12-അദാ 22/1001(1)/26.8.22 | 12 |
| 2018-19 | കെഎസ്എ കെടിഎംപി12-അദാ 22/1001(2)/26.8.22 | 14 |
| 2019-20 | കെ.എസ്.എ-കെ.ടി.എം.പി12- 493/2022/ 26.7.2022 | 25 |
| 2020-21 | കെ.എസ്.എ-കെ.ടി.എം.പി12- 1551/2022/ 3.11.2022 | 37 |

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2021-2022 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ കോട്ടയം ജില്ലയിലെ വിജയപുരം ഗ്രാമപഞ്ചായത്തിന്റെ 2021-2022-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കോട്ടയം ജില്ലയിലെ വിജയപുരം ഗ്രാമപഞ്ചായത്തിന്റെ 2021-2022 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്